## അദ്ധ്യായം ഇരുപത്തിഒമ്പത്

# ഉൾപ്രാപണവും (മേഘങ്ങളിൽ എടുത്തുകൊള്ളപ്പെടൽ) അന്ത്യകാലവും

**(The Rapture and End Time)**

ഞാൻ പോകുന്നതുപോലെ മടങ്ങിവരുമെന്ന് യേശു തന്റെ ശിഷ്യന്മാരോടു അരുളിചെയ്തു. അവൻ മടങ്ങിവന്നിട്ട് അവരെ സ്വർഗ്ഗത്തിൽ ചേർത്തുകൊള്ളുമെന്ന് യേശു പറഞ്ഞു (ഉൾപ്രാപണം സംഭവിക്കുമെന്ന് നാമും വിശ്വസിക്കുന്നു). ഉദാഹരണത്തിന്, ക്രൂശ്മരണത്തിനു തലേരാത്രിയിൽ യേശു തന്റെ അപ്പോസ്തലന്മാരോടു പറഞ്ഞു.

> നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉ്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു, ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു, ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തുനിങ്ങളും ഇരിക്കേതിന്ന് പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹ 14:1–3).

യേശു മടങ്ങിവരുമെന്ന വാഗ്ദത്തമാണ് ഈ വചനങ്ങളിൽ നാം കാണുന്നത്. ഇത് ഗ്രഹിച്ച ശിഷ്യന്മാർ, യേശു അവരുടെ ജീവിതകാലത്തുതന്നെ മടങ്ങിവരുമെന്ന് പ്രതീക്ഷിച്ചിരിക്കാം.

യേശുവിന്റെ മടങ്ങിവരവിനുവേി കാത്തിരിക്കാൻ യേശു ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകി (മത്താ 24:42–44).

### യേശുവിന്റെ മടങ്ങിവരവ് ലേഖനങ്ങളിൽ<br>(Jesus' Imminent Return in the Epistles)

പുതിയ നിയമലേഖന കർത്താക്കളായ അപ്പോസ്തലന്മാർ യേശുവിന്റെ രാംവരവ് എത്രയും വേഗം ഉായിരിക്കുമെന്ന് പ്രതീക്ഷിച്ചവരാണ്. ഉദാഹരണത്തിന് അപ്പോസ്ഥലനായ യാക്കോബ് എഴുതി:

> എന്നാൽ സഹോദരന്മാരെ, കർത്താവിന്റെ, പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലമയേറിയ ഫലത്തിന്നു കാത്തുകൊു മുന്മഴയും പിന്മഴയും അതിന്നു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു (യാക്കോബ് 5:7–8).

കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്നു എന്ന് യാക്കോബ് അപ്പോസ്തലൻ വിശ്വസിച്ചു. സഭ പീഡനത്തെ ഭയപ്പെടുന്ന പശ്ചാത്തലത്തിലാണ് അപ്പോസ്തലൻ ഇങ്ങനെ എഴുതിയത് (യാക്കോ 1:2–4), തീർച്ചയായും പരീക്ഷകളിൽ അകപ്പെട്ടിരിക്കുന്ന ഏതൊരുവനും യേശുവിന്റെ മഹത്വപ്രത്യക്ഷത പ്രത്യാശിക്കുക തന്നെ ചെയ്യും.

ഇതുപോലെത്തന്നെ പൗലോസും വിശ്വസിച്ചു. യേശുവിന്റെ രാംവരവിന് കാലതാമസം ഉായിരിക്കുകയില്ലായെന്ന് പൗലോസ് വിശ്വസിച്ചു:

> സഹോദരന്മാരെ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഖിക്കാതിരിക്കേതിന്നു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേല്കയും. ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നേ ദൈവം നിദ്രകൊവരേയും, യേശു മുഖാന്തിരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടു ശേഷിക്കുന്നവരായ നാം നിദ്രകൊവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും (1 തെസ്: 4:13–18).[72]

യേശു മടങ്ങിവരുമ്പോൾ മരിച്ച വ്യതന്മാർ ഉയർത്തെഴുന്നേൽക്കും ജീവിച്ചിരിക്കുന്ന നാം യേശുവിനെ എതിരേല്പാൻ വാനമേഘങ്ങളിൽ എടുക്കപ്പെടും (ഉൾപ്രാപണം) സ്വർഗ്ഗത്തിൽനിന്നും യേശു, തന്നിൽ മരിച്ച വിശുദ്ധന്മാരേയും ചേർത്തുകൊായിരിക്കും വാനിൽ പ്രത്യക്ഷപ്പെടുന്നത്. സ്വർഗ്ഗത്തിൽനിന്നും യേശുവിനോടൊപ്പം വരുന്നവരുടെ ആത്മാവ് ഉയർത്തെഴുന്നേറ്റ അവരുടെ ശരീരത്തെ പ്രാപിക്കും.

യേശുവിന്റെ മടങ്ങിവരവ് വേഗത്തിലായിരിക്കുമെന്ന് തന്റെ ആദ്യലേഖനത്തിൽതന്നെ കാണാം

> ആകയാൽ നിങ്ങളുടെ മനസു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുനാനുള്ള കൃപയിൽ പൂർണ്ണപ്രത്യാശ വെച്ചുകൊൾവിൻ ....... എന്നാൽ എല്ലാറ്റിന്റേയും അവസാനം സമീപിച്ചിരിക്കുന്നു; അകയാൽ പ്രാർത്ഥനെക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ...... ക്രിസ്തുവിന്റെ കഷ്ടതക്ക് പങ്കുള്ളവ

[72] . യേശുവിന്റെ ആഗമനം അതിവേഗത്തിൽ സംഭവിക്കുമെന്ന് തെളിവുകൾ തരുന്ന അനേക ദൈവവചനങ്ങൾ ള് ഫിലി 3:20, 1 തെസ് 3:13, 5:23, 2 തെസ് 2:1–5, 1 തിമോ 6:14–15, തീത്തോ 2:11–13, എബ്രാ 9:28.

രാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.... (1 പത്രോ 1:13, 4:7,13).[73]

അവസാനമായി, യോഹന്നാൻ നമുക്കെഴുതിയ ലേഖനങ്ങളിൽ യേശുവിന്റെ വരവ് ആസന്നമായെന്ന് രേഖപ്പെടുത്തിയിട്ട്.

കുഞ്ഞുങ്ങളെ ഇത് അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തുവരുന്നു എന്നു നിങ്ങൾ കേട്ടിട്ടുല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്നു നമുക്ക് അറിയാം...... ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്ക് ധൈര്യം ഉാകേതിനു അവനിൽ വസിപ്പിൽ.... പ്രീയമുള്ളവരെ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊ് അവനോടു സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു (1 യോഹ 2:18,28,3:23).

## യേശുവിന്റെ മടങ്ങിവരവിന്റെ താമസം
## (His Delay)

കഴിഞ്ഞ രായിരം വർഷത്തിലേക്കു തിരിഞ്ഞുനോക്കിയാൽ, അപ്പോസ്തലന്മാർ പ്രതീക്ഷിച്ചതുപോലെ വേഗത്തിൽ യേശു വരുമെന്ന അവരുടെ പ്രതീക്ഷ ഫലവത്തായില്ല എന്നു കാണാം. യേശു പോയിട്ട് എത്രകാലമായി, ഇത്രയും വൈകുന്നതുകൊ്, യേശു മടങ്ങിവരാതിരിക്കുമോ എന്നുപോലും സംശയമുായി. യേശുവിന്റെ മടങ്ങിവരവിന്റെ താമസം തന്നിൽ ചിന്താകുഴപ്പം വരുത്തിയതായി സംശയിക്കാനുള്ള സാധ്യത പത്രോസിന്റെ അന്ത്യകാല ലേഖനങ്ങളിൽ ു്

അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപേലെ തന്നേ ഇരിക്കുന്നു എന്നു പറഞ്ഞു സ്വന്തമോഹങ്ങളെ അനുസരിച്ചുനടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞുകൊൾവിൻ. ആകാശവും വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ ഭൂമിയും പുദൈവത്തിന്റെ വചനത്താൽ ഉായി എന്നും അതിനാൽ അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതെ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ

73 . യേശുവിന്റെ മഹത്വപ്രത്യക്ഷത വേഗത്തിൽ സംഭവിക്കുമെന്നതിനുള്ള തെളിവുകൾ തരുന്ന വചനഭാഗങ്ങൾ (2 പത്രോ 1:15-19, 3:3-15).

നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നു കളയുന്നു.

എന്നാൽ പ്രിയമുള്ളവരേ, കർത്താവിന്നു ഒരു ദിവസം ആയിരം സംവത്സരംപോലെയും ആയിരം സംവത്സരം ഒരു ദിവസംപോലേയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും (2 പത്രോസ് 3:3–10).

അനേകർ ഇനിയും അനുതപിച്ച് രക്ഷപ്രാപിക്കണമെന്ന് യേശു ആഗ്രഹിക്കുന്നതു കൊണ്ട് യേശുവിന്റെ മടങ്ങിവരവ് ഇത്രയും വൈകുന്നതെന്ന് പത്രോസ് വിശ്വസിക്കുന്നു. അവൻ വരുമ്പോൾ അശ്വാരൂഢനായിവരും.

ദുഷ്ടന്മാരുടെ മേൽ തീ ഇടാൻ യേശു വീും വരുന്നതിനുമുമ്പ് ലോകം കഷ്ടതയുടെ ഈറ്റില്ലമായി മാറും. ഭാവിയിൽ സംഭവിക്കാനുള്ളതിനെക്കുറിച്ചുള്ള വ്യക്തമായ ചിത്രം വെളിപ്പാടുപുസ്തകത്തിൽ കാണാം. സഭ ഉൾപ്രാപണത്തിന് വിധേയമാകും.

## എപ്പോഴാണ് ഉൾപ്രാപണം സംഭവിക്കുന്നത്
## (When Exactly Does the Rapture Occur?)

ഉൾപ്രാപണം എപ്പോൾ സംഭവിക്കുമെന്നതിനെക്കുറിച്ച് വിശ്വാസികളുടെ ഇടയിൽ വിഭിന്ന അഭിപ്രായമാണുള്ളത്. പീഡനകാലത്തിന്റെ ഏഴുവർഷത്തിന്റെ ഒടുക്കം ഉൾപ്രാപണം ഉാകും. എന്നാൽ അത് ഏത് നിമിഷവും സംഭവിക്കാം എന്നു ചിലർ പറയുന്നു. ഏഴുവർഷപീഡനകാലത്തിന്റെ മദ്ധ്യകാലസമയത്ത് ഉൾപ്രാപണം സംഭവിക്കുമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ പീഡനകാലത്തിന്റെ അവസാനം ഉൾപ്രാപണം സംഭവിക്കുമെന്ന് മറ്റു ചിലർ വിശ്വസിക്കുന്നു.

ഉൾപ്രാപണത്തെക്കുറിച്ച് വിഭിന്ന അഭിപ്രായങ്ങൾ ഉങ്കെിലും മഹോദ്രപകാലഘട്ടത്തിന്റെ ഏഴുവർഷങ്ങൾക്കുള്ളിൽ ഉൾപ്രാപണം സംഭവിക്കുമെന്ന് എല്ലാവരും സമ്മതിക്കുന്നു. അതുകൊ് ഈ വിഷയത്തിന്റെ പേരിൽ അഭിപ്രായഭിന്നത ഉാക്കുന്നതിനേക്കാൾ ഏകാഭിപ്രായം നിലനിർത്തുന്നത് നന്നായിരിക്കും. നാം എന്തു വിശ്വസിച്ചാലും നമ്മുടെ വിഭിന്നമായ വിശ്വാസം ഉൾപ്രാപണത്തെ ബാധിക്കയില്ല.

എന്റെ കഴിഞ്ഞ ഇരുപത്തിഅഞ്ച് വർഷത്തെ ക്രിസ്തീയജീവിതത്തിനുള്ളിൽ ഉൾപ്രാപണം മഹോദ്രവകാലത്തിനുമുമ്പ് സംഭവിക്കുമെന്നാണ്

ഞാൻ വിശ്വസിച്ചിരുന്നത്. ഞാൻ പഠിച്ചത് അങ്ങനെയാണ് അതുകൊ് ഞാൻ അത് വിശ്വസിച്ചു. വെളിപ്പാട് പുസ്തകത്തിൽ ഞാൻ വായിച്ചത് ഒരു പരിശോധനക്ക് വിധേയമാക്കാൻ ഞാൻ അഗ്രഹിച്ചില്ല. വചനം ഞാൻ സ്വയമായി പഠിച്ചതുകൊ്, വ്ത്യസ്തമായ കാഴ്ചപ്പാടുകൾ എനിക്കുായി. അതുകൊ് വേദപുസ്തകം എന്തു പറയുന്നുവെന്ന് നമുക്ക് ഒരുമിച്ച് ചിന്തിച്ച് എന്ത് തെളിവിൽ എത്താം എന്നു നമുക്ക് നോക്കാം. എന്റെ കാഴ്ചപ്പാടിനോടു നിങ്ങൾക്കു യോജിക്കാൻ സാധ്യമല്ലെങ്കിൽ പോലും, നമ്മുടെ സ്നേഹബന്ധം മുറിയാതെ സൂക്ഷിക്കാം.

## ഒലിവു മലയിലെ ഭാഷണം
## (The Olivet Discourse)

അന്ത്യകാലത്തിന്റേയും യേശുവിന്റെ മടങ്ങിവരിവിന്റെയും പാഠത്തിന് അടിസ്ഥാനമായി മത്തായിയുടെ സുവിശേഷം ഇരുപത്തിനാലാം അദ്ധ്യായം നമുക്ക് നോക്കാം. മത്തായി ഇരുപത്തിയഞ്ചാം അദ്ധ്യായത്തെ ഉൾപ്പെടുത്തി നമുക്ക് ഒലിവുമലയിലെ ഭാഷണം എന്നു വിളിക്കാം. ഈ ര് അദ്ധ്യായങ്ങളിലാണ് ഒലിവുമലയിൽവച്ച് യേശു തന്റെ പ്രിയപ്പെട്ട ശിഷ്യന്മാർക്ക് നൽകിയ സന്ദേശം ഉള്ളത്.[74] ഈ വചനഭാഗങ്ങൾ അന്ത്യകാലത്തെക്കുറിച്ചുള്ള സംഭവങ്ങൾ ഉൾക്കൊള്ളുന്നവയാണ്. യേശുവിന്റെ ശിഷ്യന്മാർ അന്ത്യകാലത്തെക്കുറിച്ച് മനസ്സിലാക്കിയിരിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

> യേശു ദൈവാലയം വിട്ടുപോകുമ്പോൾ ശിഷ്യന്മാർ അവന്നു ദൈവാലയത്തിന്റെ പണി കാണിക്കേതിന്നു അവന്റെ അടുക്കൽവന്നു. അവൻ അവരോടു: ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.
>
> അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ചു അവന്റെ അടുക്കൽ വന്നു. അതു എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിന്നും ലോകാവസാനത്തിന്നും അടയാളം എന്തു എന്നും പറഞ്ഞുതരേണം എന്നു അപേക്ഷിച്ചു (മത്തായി 24: 1-3).

യേശുവിന്റെ ശിഷ്യന്മാർ ഭാവിയെക്കുറിച്ച് അറിയുവാൻ താത്പര്യപ്പെട്ടു. ദേവാലയം എപ്പോൾ തകരുമെന്നും, യേശുവിന്റെ രാം വരവ് എന്നായിരിക്കുമെന്നും അവർക്ക് അറിയാൻ വലിയ താത്പര്യം ായിരുന്നു.

---

[74] . മർക്കോ:13:3 പത്രോസും, യാക്കോബ്, യോഹന്നാൽ, അന്ത്രയോസ് ഇവരായിരുന്നു പേര്പറഞ്ഞ നാലുശിഷ്യന്മാർ. ഒലിവുമലയിലെ സന്ദേശം മർക്കോ 13:1-37 ലൂക്കോ 21:5-36, ലൂക്കോ 17:22-37, എന്നീ വചനഭാഗങ്ങളിലും കാണാവുന്നതാണ്.

റോമൻ പടയാളികൾ യറുശലേം ദേവാലയം എ.ഡി. 70ൽ തകർത്തു. എന്നാൽ ദൈവാലയത്തിന്റെ പുനർനിർമ്മാണത്തിന് യേശു വന്നില്ല. അതു കൊ് ഈ രുസംഭവങ്ങളും കാലത്തിന്റെ സമാനത അർഹിക്കുന്നില്ല.

## യേശു അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു (Jesus Answers Their Questions)

ദേവാലയത്തിന്റെ നാശത്തെക്കുറിച്ചുള്ള ചോദ്യത്തിനു യേശു നൽകുന്ന മറുപടി മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ലാ, എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ നമുക്കത് കാണുവാൻ കഴിയും (ലൂക്കോ 21: 12–24). യേശുവിന്റെ വരവിന്റെ അന്ത്യകാല ലക്ഷണങ്ങളെ കുറിച്ചുള്ള വിവരണങ്ങൾ മത്തായിയുടെ സുവിശേഷത്തിൽ നമുക്ക് കാണാം.

> അതിനുയേശു ഉത്തരം പറഞ്ഞതു: ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളേയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ; അത് സംഭവിക്കേതുതന്നേ; എന്നാൽ അതു അവസാനമല്ല: ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉാകം. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ (മത്താ 24: 4–8).

ഒന്നാം നൂറ്റിലെ ശിഷ്യന്മാർ യേശുവിന്റെ വീുംവരവിൽ ജാഗ്രതയുള്ളവരായിരിക്കുമെന്ന് യേശു വിശ്വസിച്ചു. നിങ്ങൾ എന്ന് യേശു അവരെ പല ആവർത്തി സംബോധനചെയ്തു. ഇരുപത്തിനാലാം അദ്ധ്യായത്തിൽതന്നെ ഏകദേശം ഇരുപതു പ്രാവശ്യം നമുക്കത് കാണാം. യേശു പറഞ്ഞത് ശ്രവിച്ച അവർ, അവരുടെ ജീവിതകാലത്തുതന്നെ യേശു മടങ്ങിവരുമെന്ന് വിശ്വസിച്ചു.

യേശുവിന്റെ ആ വചനം കേട്ട് പ്രത്യാശയോടുകാത്തിരുന്ന ആ വിശുദ്ധന്മാർ മരിച്ചിട്ടു നാളുകൾ എത്രയായി! അന്തിക്രിസ്തുജനത്തെ വഴിതെറ്റിക്കുമെന്ന് നമുക്കറിയാം. ജനം അന്തിക്രിസ്തുവിനെ രക്ഷകനായി കാണക്കാക്കും.

യുദ്ധങ്ങളും, ക്ഷാമവും, ഭൂകമ്പവും ഉാകും, എന്നാൽ അതെല്ലാം ഈറ്റുനോവിന്റെ ആരംഭമത്രെ. ഈ അത്ഭുതങ്ങൾ കഴിഞ്ഞ രായിരം വർഷം മുമ്പ് ആരംഭിച്ച് ഇന്നും തുടർന്നുകൊിരിക്കുന്നു. ഇതുവരേയും സംഭവിച്ചിട്ടില്ലാത്ത ചില കാര്യങ്ങളിലേക്ക് യേശുവിന്റെ വാക്കുകൾ വെളിച്ചം വീശുന്നു.

## വ്യാപകമായ പീഡനത്തിന്റേ ആരംഭം

## (World wide Tribulation Begins)

> അന്നു അവർ നിങ്ങളെ ഉപദ്രവത്തിന്നു ഏല്പിക്കയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകലജാതികളും നിങ്ങളെ പകെക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കയും അന്യോന്യം പകെക്കുകയും ചെയ്യും. കള്ളപ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതുകൊ അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും. രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കേയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും (മത്തായി 24: 9–14).

ഈ വകയൊക്കേയും നിങ്ങളുടെ ജീവിതകാലത്ത് സംഭവിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുവോ? എന്ന ഈ ചോദ്യം യേശുവിന്റെ പ്രഭാഷണം കേട്ടവരോടു ചോദിച്ചാൽ എന്തായിരിക്കും മറുപടി. തീർച്ചയായും അതെ എന്ന അനുയോജ്യമായ ഒരുത്തരം അവർ നൽകുമായിരുന്നു എന്ന് ഉറപ്പിക്കാം. യേശു നിങ്ങൾ എന്ന സർവ്വനാമം ഉപയോഗിച്ചാണ് പുരുഷാരത്തോടു സംസാരിച്ചത്.

ഈറ്റുനോവിനുശേഷം തുടർന്നുള്ള നാളുകൾ വിശ്വാസികൾക്ക് ഏറെ പീഡനങ്ങൾ ഏൽക്കേിവരുന്ന നാളുകൾ ആയിരിക്കും. എല്ലാ ദേശക്കാരും എല്ലാവംശങ്ങളും ജാതികളും നമ്മളെ വെറുക്കും. ഒരു നിർദ്ദിഷ്ടസമയത്തെക്കുറിച്ചാണ് യേശു ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. ആ നാളിൽ പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കുകയും അന്യോന്യം പകയ്ക്കുകയും ചെയ്യും.

വിശ്വാസികളുടെ വീഴ്ചയെക്കുറിച്ച് വ്യക്തമായി യേശു അരുളിചെയ്തിരിക്കുന്നത് ശ്രദ്ധിക്കുക; വിശ്വാസികൾ വീണുപോകും, അവർ പരസ്പരം വെറുക്കും, അവിശ്വാസികളെപ്പോലെ ആയിത്തീരുകയും ചെയ്യും. ദേശവ്യാപകമായി പീഡനം ആരംഭിക്കുമ്പോൾ യേശുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ പലരും വിശ്വാസം ത്യജിക്കും. യഥാർത്ഥ വിശ്വാസിയും, അവിശ്വാസിയും, കോലാടുകളേയും ചെമ്മരിയാടുകളേയും പോലെ തരംതിരിക്കപ്പെടും, അനേകർ വീണുപോകും. അവർതന്നെ മറ്റുള്ളവരെ പീഢനത്തിന് അധികാരികൾക്ക് ഏല്പിച്ചുകൊടുക്കും, സ്നേഹത്തോടെ ചേർത്തുകൊപലരേയും വെറുപ്പോടെ കാണും. ലോകത്തെമ്പാടുമുള്ള സഭയുടെ ശുദ്ധീകരണമായിരിക്കും ഇതിന്റെ ഫലം.

കള്ളപ്രവാചകന്മാർ അസംഖ്യം ഉാകും. കള്ളപ്രവാചകനെ പിടിച്ചുകെട്ടി ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ തള്ളിയിടും (വെളി 13:11–18;19:20, 20:10) നിയമവിരോധികൾ അസംഖ്യമാകും. ജനത്തിന്റെ ഹൃദയത്തിൽ സ്നേ

ഹം വറ്റിപ്പോകും. പാപികളുടെ എണ്ണം വർദ്ധിക്കും. അവർ സ്നേഹമില്ലാത്ത വരും ഹൃദയകാഠിന്യം ഉള്ളവരുമായിത്തീരും.

## രക്തസാക്ഷികളും പീഡനത്തെ അതിജീവിക്കുന്നവരും (Martyrs and Survivors)

വിശ്വാസം നിലനിർത്താൻ യത്നിക്കുന്നവർ അവരുടെ ജീവനെ കളയുമെന്ന് യേശു പറഞ്ഞിട്ടുങ്കിലും (മത്താ 24:9) എല്ലാവരുമല്ല, കാരണം അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടുമെന്ന് വാഗ്ദത്തമു് (മത്താ 24:13). വ്യാജക്രിസ്തുക്കളാലും വ്യാജ പ്രവാചകന്മാരാലും പ്രലോഭിപ്പിക്കപ്പെട്ട് വിശ്വാസത്തിൽനിന്നു വീഴാതിരുന്നാൽ യേശു ആകാശമേഘങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ അവർ രക്ഷിക്കപ്പെടും. ഭാവിയിൽ സംഭവിക്കാൻ പോകുന്ന പീഡനവും മോചനവും ദാനിയേൽ പ്രവാചകന് വെളിപ്പെട്ടു, മുന്നമെ അരുളപ്പാടുായതെന്തെന്നാൽ:

> ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നൽക്കും. ഒരു ജാതി ഉായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉാകും; അന്നു നിന്റെ ജനം പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനുംതന്നേ, രക്ഷ പ്രാപിക്കും. നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജിവനായും ചിലർ ലജ്ജയ്ക്കും, നിത്യനിന്ദയ്ക്കുമായും ഉണരും (ദാനി 12:1–2).

രക്ഷയുടെ സന്ദേശം ലോകത്തിലെല്ലാം പ്രഘോഷിക്കപ്പെട്ടുകൊിരിക്കും, അനുതപിച്ച് രക്ഷിയിലേക്കുവരുവാനുള്ള അവസാന അവസരം ഏവർക്കും ലഭിക്കും, അതിനുശേഷം അന്ത്യം സംഭവിക്കും.[75] യേശുവിന്റെ വാഗ്ദത്തവചനങ്ങളുടെ നിവർത്തീകരണം എന്തെന്ന് വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടു്

> വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കു; ഭൂവാസികളായ സകലജാതിയും ഗോത്രവും, ഭാഷയും വംശവും ആയവരോട് അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യ സുവിശേഷമുായിരുന്നു. ദൈവത്തെ ഭയപ്പെ്ടു അവനു മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉാക്കിയവനെ നമസ്കരിപ്പിൻ എന്നു അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊിരുന്നു.(വെളിപ്പാട് 14:6–7)

---

75 . യേശുവിന്റെ വരവിനുമുമ്പ് നാം ലോകത്തെമ്പാടും സുവിശേഷം എത്തിച്ചിരിക്കണം. പ്രത്യേക സന്ദർഭത്തിന് ഊന്നൽ നൽകി നാം ചിന്തിക്കുമ്പോൾ, യേശുവിന്റെ വരവിനു മുമ്പ് സുവിശേഷം ലോകത്തിലെല്ലാം എത്തിച്ചേർന്നിരിക്കും എന്നത് ദൈവത്തിന്റെ വാഗ്ദത്തമാണെന്നുകാണാൻ കഴിയും.

മഹോദ്രവകാലത്ത് ഉൾപ്രാപണം സംഭവിക്കുകയും വിശുദ്ധന്മാരെല്ലാം എടുക്കപ്പെടുകയും ചെയ്യും. ആകാശമദ്ധ്യേ പറന്നുകൊു ദൂതൻ സകല ഭൂവാസികളോടും നിത്യസുവിശേഷത്തിന്റെ പൊരുളും ന്യായവിധിയുടെ ശക്തിയും വെളിപ്പെടുത്തും. എന്നാൽ അത് സൈദ്ധാന്തികമായിരിക്കും.

## അന്തിക്രിസ്തു
## (The Antichrist)

പീഡനകാലത്തിന്റെ മദ്ധ്യഘട്ടത്തിൽ യറുശലേം ദേവാലയത്തിൽ ഇരുന്നുകൊ് അന്തിക്രിസ്തു താൻ ദൈവമാണെന്ന് പ്രഖ്യാപിക്കുമെന്ന് ദാനിയേൽ പ്രവചനപുസ്തകത്തിൽ കാണുന്നു (ദാനി 9:23) ഈ ഭാഗം നാം തുടർന്നു പഠിക്കും. ഒലിവുമലയിലെ പ്രഭാഷണത്തിൽ ഈ വിഷയത്തിനാണ് യേശു ഊന്നൽ നൽകിയത്.

> എന്നാൽ ദാനിയേൽ പ്രവാചകൻമുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നില്കുന്നത് നിങ്ങൾ കാണുമ്പോൾ - വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ - അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ. വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിലുള്ളത് എടുക്കേതിന്നു ഇറങ്ങരുത്; വയലിലുള്ളവൻ വസ്ത്രം എടുപ്പാൻ മടങ്ങിപ്പോകരുത്. ആ കാലത്തു ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! എന്നാൽ നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ. ലോകാരംഭം മുതൽ ഇന്നുവരേയും സംഭവിച്ചിട്ടില്ലാത്തവും ഇനിമേൽ സംഭവിക്കാത്തവും ആയ വലിയ കഷ്ടം അന്നു ഉാകും.[76] ആ നാളുകൾ ചുരിങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും. (മത്തായി 24:15-22).

ഇത് മത്താ 24:9ൽ യേശു സൂചിപ്പിച്ച പീഡനത്തിന്റെ ഒരു വിശദീകരണമാണ്. യറുശലേം ദൈവാലയത്തിൽ ഇരുന്നുകൊ്, താൻ ദൈവമാണെന്ന് അന്തിക്രിസ്തു പ്രഖ്യാപിക്കുമ്പോൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ക്രൂരമായ പീഡനം ഏല്ക്കേിവരും. അന്തിക്രിസ്തുവിന്റെ ദൈവികതയെ ഏവരും അംഗീകരിക്കണമെന്നു കല്പന പുറപ്പെടും. തന്മൂലം ക്രിസ്തുവിൽ യഥാർത്ഥ വിശ്വാസം പുലർത്തുന്നവരെ രാജ്യദ്രോഹികളായി മുദ്രകുത്തി മരണത്തിന് ഏല്പിക്കപ്പെടും. യഹുദ്യയിലുള്ള വിശ്വാസികളെല്ലാം തിരക്കിട്ട് ഗിരികളിലേക്ക് പോകുമെന്ന് യേശു പറഞ്ഞു.

ലോകത്തുള്ള വിശ്വാസികളെല്ലാം ആ കാലഘട്ടത്തിൽ മറവിടങ്ങളിലേക്കു ഓടിപ്പോകുമെന്ന് ഞാൻ കരുതുന്നു. മുഴുലോകവും അന്തിക്രിസ്തു

---

[76] . ഈ എഴുവർഷത്തിനുള്ളിൽ സഭയുടെ ഉൾപ്രവണം സംഭവിക്കുമെങ്കിൽ വിശ്വാസികളെല്ലാം മദ്ധ്യാകാശത്തിൽ എടുക്കപ്പെടും, തന്മുലം വീും ഒരു ഉപദേശം ആവശ്യമായിവരികയില്ല.

വിനാൽ വഞ്ചിക്കപ്പെടുമെന്ന് വചനം പറയുന്നു. അവൻ ക്രിസ്തുവാണെന്നു കരുതി, മുഴുലോകവും അവനോടു സഖ്യത ചേരും. താൻ ദൈവമാണെന്ന് പ്രഖ്യാപിക്കുമ്പോൾ മുഴുലോകവും അവനെ ആരാധിക്കും. വിശ്വാസികൾ ആരാധിക്കുന്ന യഥാർത്ഥദൈവത്തിന് എതിരെ അവൻ ദൂഷണം പറയും. അവൻ സ്വാധീനിച്ച സർവ്വലോകവും അവനെ അംഗീകരിക്കും; അവനെ ആരാധിക്കുവാൻ വിസമ്മതിക്കുന്നവരെ അവൻ പീഡിപ്പിക്കും (വെളി 13: 1-8).

പീഡനകാലഘട്ടത്തിന്റെ ദൈർഘ്യത്തെ ദൈവം കുറയ്ക്കും കാരണം യേശു തന്റെ ജനത്തിന് വിടുതൽ പ്രഖ്യാപിച്ചിട്ട്. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല (മത്താ 24:22). ആ നാളുകൾ ചുരുങ്ങുന്നത് തെരഞ്ഞെടുക്കപ്പെട്ടവർക്കു വേയാണ്. യേശു മദ്ധ്യാകാശത്തിൽ വെളിപ്പെട്ട് തന്റെ വിശുദ്ധരെ സ്വീകരിച്ചുകൊള്ളും. അന്തി ക്രിസ്തു താൻ ദൈവമാണെന്ന് സ്വയം പ്രഖ്യാപിച്ച് എത്രനാൾ കഴിഞ്ഞാണ് വിശുദ്ധന്മാർക്ക് വിടുതൽ സംഭവിക്കുന്നതെന്ന് യേശു പറഞ്ഞിട്ടില്ല.

അന്തിക്രിസ്തു തന്റെ ദൈവിക വിളംബരം ചെയ്യുമെന്നും, അവൻ വിശ്വാസികൾക്കെതിരെ ശക്തമായ പോരാട്ടം അഴിച്ചുവിടുമെന്നും യേശു ശിഷ്യന്മാരെ ഉത്ബോധിപ്പിച്ചിരുന്നു. ഈ സംഭവത്തിനുമുമ്പ് ഉൾപ്രാപണം സംഭവിക്കുമെന്നുള്ള വിശ്വാസം വൈരുദ്ധ്യം ഉളവാക്കുന്നു്. അന്തിക്രിസ്തു വിന്റെ വിളംബരത്തിനു മുമ്പ് യേശു വരുമോ എന്ന് പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരോടു ചോദിച്ചാൽ തീർച്ചയായും ഇല്ല എന്നായി രിക്കും ഉത്തരം.

## വിശുദ്ധന്മാർക്കെതിരെയുള്ള യുദ്ധം
## (War Against the Saints)

> വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിന്നു ലഭിച്ചു; നാല്പത്തിരുമാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു. അതു ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിന്നായി വായ് തുറന്നു. വിശുദ്ധന്മാരോടു യുദ്ധംചെയ്തു അവരെ ജയിപ്പാനും അതിന്നു അധികാരം ലഭിച്ചു; സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു (വെളി 13: 5-7).

നാല്പത്തിരുമാസം അഥവാ മൂന്നരവർഷം പ്രവർത്തിക്കുവാനുള്ള **അധികാരം** അന്തിക്രിസ്തുവിന് ലഭിച്ചു. ഏഴുവർഷത്തെ മഹോദ്രവകാല ത്തിന്റെ നേർപകുതിയാണ് ഈ കാലയളവ്. അന്തിക്രിസ്തുവിന് പ്രവർത്തി ക്കുവാൻ അധികാരം നൽകപ്പെട്ടിരിക്കുന്നത് മഹോദ്രവകാലത്തിന്റെ അവ സാനത്തെ നല്പത്തിരുമാസമാണ്. മഹോദ്രവത്തിന്റെ അവസാനകാലം കർത്താവ് തന്റെ സൈന്യവുമായിവന്ന് അന്തിക്രിസ്തുവിനേയും അവന്റെ സൈന്യത്തേയും തോല്പിക്കും.

അന്തിക്രിസ്തുവിന് നാല്പത്തിരുമാസം പ്രത്യേകമായ അധികാരം നൽകും. ഈ പ്രത്യേക അധികാരം ഉപയോഗിച്ച് ദൈവത്തിന്റെ വിശുദ്ധന്മാർക്ക് എതിരായി അവൻ പ്രവർത്തിക്കും, ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നു:

> വയോധികനായവൻ വന്നു അത്യുന്നതനായവന്റെ വിശുദ്ധന്മാർക്കു ന്യായാധിപത്യം നൽകുകയും വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്ന കാലം വരികയും ചെയ്യുവോളം ആ കൊമ്പു വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിക്കുന്നതു ഞാൻ കു... അവൻ അത്യുന്നതനായവന് വിരോധമായി വമ്പുപറയുകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളേയും നിയമങ്ങളേയും മാറ്റുവാൻ ശ്രമിക്കയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും (ദാനി 7:21-22, 25).

കാലവും കാലങ്ങളും കാലാംശങ്ങളും വിശുദ്ധന്മാർ അന്തിക്രിസ്തുവിന്റെ കൈകളിൽ ഏല്പിക്കപ്പെടും.

വെളിപ്പാട് 12:6, 14 വാക്യങ്ങളിൽ ഇതിനെ മൂന്നരവർഷം എന്നു പറഞ്ഞിരിക്കുന്നു. വെളിപ്പാട് 12:6ൽ പ്രതീകാത്മകമായി ഒരു സ്ത്രീയെ കാണാം, അവൾ ഒരു കുഞ്ഞിന് ജന്മം നൽകിയിട്ട് അവൾ മരുഭൂമിയിലേക്ക് ഓടിപ്പോയി, 1260 ദിവസം, അതായത് ഏഴുവർഷത്തിന്റെ പകുതി, ദൈവം അവിടെ അവൾക്കൊരുക്കി.

എട്ടുവചനങ്ങൾക്കുശേഷം ആ സ്ത്രീയെ വീും മരുഭൂമിയിൽ കാലവും കാലങ്ങളും കാലാംശങ്ങളും പോഷിപ്പിക്കുന്നതായി കാണുന്നു. ഈ കാലവും, കാലങ്ങളും, കാലാംശങ്ങളും 1260 ദിവസം അഥവാ മൂന്നര വർഷം എന്നു കാണാം.

ഇവിടെ സന്ദർഭത്തിന് അനുയോജ്യമായി കാലം എന്നതിന് വർഷം എന്നും കാലങ്ങൾ എന്നതിന് വർഷങ്ങൾ എന്നും കാലാംശങ്ങൾ എന്നാൽ അരവർഷം എന്നും അർത്ഥം. വെളിപ്പാട് 12:14ൽ കാണുന്ന വചനം ദാനിയേൽ 7:21ന് സമാനമാണ്. മൂന്നരവർഷം വിശുദ്ധന്മാർ അന്തിക്രിസ്തുവിന്റെ കൈകളിൽ ഏല്പിക്കപ്പെടും, വെളിപ്പാട് 13:5ൽ പറഞ്ഞിരിക്കുന്ന അന്തിക്രിസ്തുവിന് നൽകപ്പെട്ടിരിക്കുന്ന അധികാരം മൂന്നരവർഷമാണ്.

നാല്പത്തിരുമാസക്കാലവും മൂന്നരവർഷവും അനന്യമായ കാലഘട്ടമാണ്. ഏഴുവർഷത്തെ മഹോദ്രവകാലഘട്ടത്തിന്റെ മദ്ധ്യത്തിൽ അന്തിക്രിസ്തുതന്റെ ദൈവികത അവകാശപ്പെടുന്ന കാലത്താണ് ഇത് ആരംഭിക്കുന്നതെങ്കിൽ, വിശുദ്ധന്മാർ അടുത്ത മൂന്നരവർഷക്കാലത്തേക്ക് പീഡനത്തിന് ഏല്പിക്കപ്പെടും, എന്നാൽ ഏഴുവർഷം തികയുമ്പോൾ യേശു, വാനമേഘങ്ങളിൽ പ്രത്യക്ഷപ്പെട്ട് അവരെ ചേർത്തുകൊള്ളും. ഏഴുവർഷത്തെ മഹോദ്രവകാലഘട്ടത്തിന്റെ മറ്റേതെങ്കിലും സമയത്താണ് ഇത് സംഭവിക്കുന്നതെങ്കിൽ

ഉൾപ്രാപണം മഹോദ്രവകാലത്തിന്റെ അന്ത്യത്തിനുമുമ്പ് നടക്കുമെന്ന് നമുക്ക് അനുമാനിക്കാം.

വിശുദ്ധന്മാർ അന്തിക്രിസ്തുവിന്റെ കൈകളിൽ ഏല്പിക്കപ്പെടണം. അന്തിക്രിസ്തുവിന്റെ ദൈവികപ്രഖ്യാപനത്തോടെ വിശുദ്ധന്മാർ പർവ്വതങ്ങളിലേക്കു ഓടിപ്പോകും അവരുടെ സ്ഥിതി അപകടം നിറഞ്ഞതായിരിക്കും. ഇത് യുക്തിക്ക് നിരക്കാത്തതായി തോന്നുന്നു.

വെളിപ്പാടുപുസ്തകത്തിൽ വായിക്കുന്നതുപോലെ അത്യാപത്തിന്റേയും ലോകൈകന്യായവിധിയുടെയും കാലത്തും വിശുദ്ധന്മാർ ഭൂമിയിൽതന്നെയായിരിക്കും. ഇത് നമുക്ക് പിന്നീട് ചിന്തിക്കാം.

നമുക്ക് ഒലിവുമലയിലെ സന്ദേശത്തിലേക്ക് മടങ്ങിപോകാം.

## കള്ളക്രിസ്തുക്കൾ
**(False Messiahs)**

> അന്നു ആരാനും നിങ്ങളോടു: ഇതാ ക്രിസ്തു ഇവിടെ, അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരേയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോടു: അതാ, അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ, അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനഷ്യപുത്രന്റെ വരവു ആകും. ശവം ഉള്ളേടത്തു കഴുക്കൾകൂടും (മത്തായി: 24:23-28).

"നിങ്ങൾ" എന്ന് പല പ്രാവശ്യം യേശു ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. യേശുവിന്റെ ഒലിവുമലയിലെ സന്ദേശം കേട്ടവരെല്ലാം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുന്ന കള്ളക്രിസ്തുക്കളുടേയും കള്ള പ്രവാചകന്മാരുടേയും അത്ഭുതപ്രവർത്തികളും യേശുവിന്റെ മേഘപ്രത്യക്ഷതയും അവരുടെ കാലത്തുതന്നെ സംഭവിക്കുമെന്ന് അവർ വിശ്വസിച്ചിരുന്നു.

വിശുദ്ധന്മാർ പിൻമാറ്റത്തിലേക്കു പോകുവാനുള്ള അവസരം കൂടുതൽ ഉായിരിക്കും, കാരണം വിശ്വാസികൾക്ക് പീഡനങ്ങൾ അധികമാകും, കള്ളപ്രവാചകന്മാരും, കള്ളക്രിസ്തുക്കളും അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ച് ജനത്തെ വഴിതെറ്റിക്കും. യേശുവിന്റെ വീും വരവിനുമുമ്പ് സംഭവിക്കുന്നതിനെക്കുറിച്ച് യേശു ശിഷ്യന്മാരെ മുന്നമേ അറിയിച്ചിരുന്നു. മറ്റുള്ളവരെപ്പോലെ വഴിതെറ്റിപ്പോകരുതെന്ന് ശിഷ്യന്മാർക്ക് യേശു മുന്നറിയിപ്പുനൽകിയിരുന്നു. വിശ്വസ്തതയും ഉറപ്പുമുള്ളവിശുദ്ധന്മാർ യേശു മേഘാരൂഢനായി പ്രത്യക്ഷപ്പെടുമെന്ന് വിശ്വസിച്ചു കാത്തിരിക്കുന്നു, എന്നാൽ അവിശ്വാസികൾ കള്ള ക്രിസ്തുക്കളാൽ പിടിക്കപ്പെടും. ശവത്തിൽ പറന്നെത്തുന്ന

കഴുകന്മാരെപ്പോലെ അവർ നിർജ്ജീവമാകുന്ന അഹ്വാനങ്ങളിലേക്ക് ആനയിക്കപ്പെടും.

## ആകാശത്തിലെ അടയാളങ്ങൾ
## (Signs in the Sky)

യേശു അരുളപ്പാട് ആവർത്തിച്ചു:

> ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലാപിച്ചുംകൊു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണാം. അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുംകൂടെ അയക്കും; അവൻ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതി വരെയും നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കും (മത്തായി 24: 29-31).

ഒലിവുമലയിലെ യേശുവിന്റെ പ്രഭാഷണം സമകാലീകരായ യഹൂദന്മാർക്ക് സുപരിചിതമായിരുന്നു. ലോകാന്ത്യത്തിൽ നടക്കുവാൻ പോകുന്നത് യെശയ്യാപ്രവചനത്തിലും യോവേൽ പ്രവചനത്തിലും പറഞ്ഞിരിക്കുന്നു. അന്ത്യന്യായവിധിയുടെ നാളുകളെ യഹോവയുടെ ദിനങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു; അന്ന് സൂര്യചന്ദ്രന്മാർ ഇരുുപോകും (യെശ: 13: 10-11, യോവേ 2:31). അന്ന് ലോകത്ത് ജീവനോടിരിക്കുന്നവരെല്ലാം യേശുമഹത്വത്തോടെ വാനവീഥികളിൽ പ്രത്യക്ഷപ്പെടുനനതുകാണും, യേശുവിന്റെ മാലാഖമാർ ആകാശ മേഘങ്ങളിൽ പ്രത്യക്ഷപ്പെടും. കാഹളധ്വനിമുഴങ്ങുമ്പോൾ ഞൊടിയിടയിൽ വിശുദ്ധന്മാരെല്ലാം വാനമേഘങ്ങളിൽ ഒന്നിച്ചുകൂടും.

അന്തിക്രിസ്തുവിന്നും മഹോദ്രവകാലത്തിനും മുമ്പാണോ അതോ പിമ്പാണോ യേശു വരുന്നതെന്ന് ശിഷ്യന്മാരായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരോടു ചോദിച്ചാൽ, അവരുടെ ഉത്തരം എന്തായിരിക്കും? തീർച്ചയായും ‘‘അതിനുശേഷം’’ എന്നായിരിക്കും അവരുടെ ഉത്തരം.

## മടങ്ങിവരവും ഉൾപ്രാപണവും
## (The returns and the rapture)

ഒരിവുമലയിലെ പ്രഭാഷണം പൗലോസ് എഴുതിയ സഭയുടെ ഉൾപ്രാപണവുമായി ബന്ധപ്പെട്ടതാണ്. ഇത് മഹോദ്രവകാലത്തിനുംമുമ്പായിരിക്കുമെന്ന് പല വേദപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. നാം മുമ്പ് വായിച്ച വേദഭാഗങ്ങളിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം:

സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേതിന്നു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കുകയും ചെയ്തുഎന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെത്തന്നെ ദൈവം നിദ്രകൊവരെയും യേശുമുഖാന്തിരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൻ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിലേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പാഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ (1 തെസ് 4; 13–18; 5:3). അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ, ഗർഭിണിക്ക് പ്രസവവേദന വരുമ്പോലെ അവർക്കു പെട്ടെന്ന് നാശം വന്നുഭവിക്കും; അവർക്കു തെറ്റിയൊഴിയാവതുമല്ല (1 തെസ് 5:3).

മനുഷ്യപുത്രൻ ദൈവത്തിന്റെ കാഹളത്തോടെ ആകാശമേഘങ്ങളിൽ മഹാശക്തിയോടും തേജസ്സോടുംകൂടെവരും, അപ്പോൾ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലുദിക്കിൽനിന്നും കൂട്ടിച്ചേർക്കും (മത്താ 24: 30–31). അന്തിക്രിസ്തുവിന്റെയും പീഡനത്തിന്റെയും കാലത്ത് ഇത് സംഭവിക്കും.

പൗലോസും കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ച് വെളിപ്പെടുത്തിയിട്ടു്. യേശുവിന്റെ മടങ്ങിവരവിന്റെ സമയങ്ങളേയും കാലങ്ങളേയും വിവരിക്കുന്നു്. ദൈവത്തിന്റെ ദിവസം രാത്രിയിൽവരുന്ന കള്ളന്റെ ദിവസം പോലെയായിരിക്കും. ''യേശുവിന്റെ വരവും വിശുദ്ധന്മാരുടെ ഉൽപ്രാപണവും'' ദൈവത്തിന്റെ ദിവസം പോലെയായിരിക്കുമെന്ന് പൗലോസ് വിശ്വസിക്കുന്നു, അന്ന് സമാധാനവും സംരക്ഷണവും പ്രതീക്ഷിച്ചിരിക്കുന്നവരുടെ മേൽ ദൈവകോപാഗ്നിയും സർവ്വനാശവും വന്നുഭവിക്കും. ക്രിസ്തു തന്റെ സഭയെ ചേർക്കാൻ വരുമ്പോൾ ദൈവകോപാഗ്നി ലോകത്ത് നിറയും.

യേശുവിന്റെ രാം വരവിനെക്കുറിച്ചുള്ള വ്യക്തമായ ഒരു ചിത്രം അപ്പോസ്തലനായ പൗലോസ് തെസ്ലോനിക്ക സഭയ്ക്ക് എഴുതിയ രാംലേഖനത്തിൽ വ്യക്തമായി നമുക്ക് കാണാം.

കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ

അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേതിന്നും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം ആകേതിന്നും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ്: 1: 6–10).

കർത്താവായ യേശു സർവ്വശക്തന്മാരായ ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യനാകും ദൈവത്തെ അറിയാത്തവർക്കും സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ ദൈവമക്കളെ പീഡിപ്പിച്ചവർക്കു പീഡയും പീഢഅനുഭവിച്ചവർക്കു ആശ്വാസവും ലഭിക്കും. ഉൾപ്രാപണത്തിനുമുമ്പുള്ള പീഢാനുഭവത്തിന്റെ വിവരണവുമായി ഇതു പൊരുത്തപ്പെടുന്നില്ല. പീഢനം ആരംഭിക്കുന്നതിനുമുമ്പ് കർത്താവിന്റെ രഹസ്യവരവിലൂടെ സഭ എടുക്കപ്പെടുമെന്ന് പറഞ്ഞിരിക്കുന്നു. യേശു മത്തായിയുടെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന വസ്തുതകളുമായി ഇതു വളരെ യോജിക്കുന്നു്. മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതുകാണാം (മത്താ 24: 30–31). പീഡനകാലത്തിന്റെ അന്ത്യത്തിൽ അവൻ മടങ്ങിവരും വിശുദ്ധന്മാരെകൂട്ടി ചേർക്കുകയും അനുസരണം കെട്ടവരുടെ മേൽ തന്റെ കോപാഗ്നിജ്വലിപ്പിക്കുകയും ചെയ്യും.

## ദൈവത്തിന്റെ ദിവസം
## (The Day of the Lord)

ഇതേ ലേഖനത്തിൽ പൗലോസ് എഴുതി:

ഇനി സഹോദരന്മാരെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയും അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനവും സംബന്ധിച്ചു ഞങ്ങൽ നിങ്ങളോടു അപേക്ഷിക്കുന്നതു: കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നുവെച്ചു നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൽ എഴുതിഎന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധംവിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത് (2 തെസ് 2:1–2).

ഒന്നാമതായി ശ്രദ്ധിക്കുക, ക്രിസ്തുവിന്റെ വീും വരവും ഉൾപ്രാപണവുമാണ് പൗലോസിന്റെ വിഷയം: അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടുകൂടെ അയയ്ക്കും. അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ

അറുതിമുതൽ അറുതിവരേയും നാലുദിക്കിൽനിന്നും കൂട്ടിച്ചേർക്കും (മത്താ 24:31).

രാമതായി ദൈവത്തിന്റെ ദിനത്തെ പൗലോസ് ചിത്രീകരിക്കുന്നു: സഹോദരന്മാരെ നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതി രിക്കേതിന്നു നിദ്രകൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്നു നിങ്ങൾ തന്നേ നന്നായി അറിയുന്നുവല്ലോ (1തെസ് 4 :13, 5:2)

പൗലോസ് തുടരുന്നു:

> ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുതു; ആദ്യമേ വിശ്വാസ ത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദേവാലയത്തിൽ ഇരുന്നുകൊു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ (2 തെസ് 2:3-4).

ദൈവത്തിന്റെ ദിനം വന്നു കഴിഞ്ഞുവെന്നു തെസ്ലോനിക്ക്യയിലുള്ള വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചിരുന്നു; ദൈവത്തിന്റെ ദിനം ആരംഭിക്കുന്നത് ഉൾപ്രാപണത്തോടും ക്രിസ്തുവിന്റെ വീം വരവോടും കൂടിയാണെന്ന് പ ൗലോസ് അഭിപ്രായപ്പെടുന്നു എന്നാൽ സ്വധർമ്മപരിത്യാഗംവരെ അതു സംഭവിക്കുകയില്ലായെന്ന് പൗലോസ് വ്യക്തമാക്കിയിട്ട് (പലരും ഇടറി അനേ ്യാന്യം ഏല്പിച്ചുകൊടുക്കുകയും അന്യോന്യം പകെക്കുകയും ചെയ്യും (മത്താ 24:10). യറുശലേം ദൈവാലയത്തിൽ ഇരുന്നുകൊ് അന്തിക്രിസ്തു തന്റെ ദൈവികത വിളംബരം ചെയ്യുന്നതുവരെ ദൈവത്തിന്റെദിനം വരികയി ല്ല. അതുകൊ് അന്തിക്രിസ്തുവിന്റെ ദൈവികതയെക്കുറിച്ചുള്ള വിളംബരം ഉ ാകുന്നതുവരെ ക്രിസ്തുവിന്റെ വരവോ ഉൾപ്രാപണമോ ദൈവത്തിന്റെ ദിനമോ ഉാകുകയില്ല.[77]

കർത്താവിന്റെ വരവും അതിനോടുചേർന്നു അന്തിക്രിസ്തുവിന്റെ നാശവും പൗലോസ് വിവരിക്കുന്നു.

> നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ തന്നേ ഞാൻ ഇതു നിങ്ങളോടു പ റഞ്ഞു എന്നു ഓർക്കുന്നില്ലയോ? അവൻ സമയത്തിനുമുമ്പെ

[77] . യേശുവിന്റെ ഒലിവുമലയിലെ പ്രഭാഷണത്തിൽ, വീംജനനം പ്രാപിച്ച യഹൂദാവിശ്വാസി കൾക്ക് മാത്രമാണ് ഇത് ബാധകമെന്ന ആശയത്തോട് ഇത് അനുകൂലിക്കുന്നില്ല കാരണം വീം ജനനം പ്രാപിച്ച ഏതൊരു വിശ്വാസിയും മഹോദ്രവത്തിനുമുമ്പ് ഉൾപ്രാപണം പ്രാപി ച്ചിരിക്കും. അന്തിക്രിസ്തുവിന്റെ ദൈവികത വെളിപ്പെടുത്തുന്നതുവരെ ഇവരെ അതായത് മഹോദ്രവത്തിന്റെ അന്ത്യകാലം എത്തുന്നതുവരെ ഉൾപ്രാപണവും, ക്രിസ്തുവന്റെ വീം വരവും സംഭവിക്കുകയില്ലായെന്ന് പൗലോസ് തെസ്ലോനിക്ക്യയിലുള്ള വിശ്വാസികളെ ഉപദേശിച്ചു.

വെളിപ്പെടാതിരിക്കേതിന്നു ഇപ്പോൾ തടുക്കുന്നതു എന്തു എന്നു നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നു ു; ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങിപ്പോക മാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകലശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാൻതക്കവണ്ണം സത്യത്തെ സ്നേ ഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും (2 തെസ്: 2: 5–10).

കർത്താവിന്റെ വരവോടുകൂടി അന്തിക്രിസ്തുവിന് നാശം സംഭവി ക്കും. ഈ പ്രത്യക്ഷത ഉൾപ്രാപണത്തിൽ ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്ക് തുല്യമാണെങ്കിൽ അന്തിക്രിസ്തു നിഗ്രഹിക്കപ്പെടുകയും സഭ ആകാശമേഘ ങ്ങളിലേക്കു എടുക്കപ്പെടുകയും ചെയ്യും. വെളിപ്പാടുപുസ്തകത്തിൽ 19ഉം 20ഉം അദ്ധ്യായങ്ങളിൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ വീും വരവ് (വെളി 19: 11–16) അന്തിക്രിസ്തുവിന്റെയും അവന്റെസൈന്യത്തിന്റേയും നാശം (വെളി 19: 17–21) സാത്താനെ ബന്ധിക്കുന്നത് (വെളി 20: 1–3) ആദ്യത്തെ പുനരുദ്ധാനം (വെളി 20:4–6) മഹോദ്രവകാലത്ത് രക്തസാക്ഷിക ളായ വിശുദ്ധന്മാർ ജീവൻ പ്രാപിക്കും. ആദ്യത്തെ പുനരുദ്ധാനം നീതി യുടെ പുനരുദ്ധാനമാണ്. അന്തിക്രിസ്തുവിന്റെ നാശത്തിനുശേഷം ഉൾപ്രാപ ണവും ക്രിസ്തുവിന്റെ രാംവരവും സംഭവിക്കും, ക്രിസ്തുവിൽ മരിച്ചവർ ഉൾപ്രാപണത്തോടുകൂടി പുനരുദ്ധാനം പ്രാപിക്കും (1 തെസ 4:15–17).[78]

## ഒരുങ്ങിയിരിക്കുക
## (Being Ready)

ഒലിവുമലയിലെ പ്രഭാഷണത്തിലേക്ക് നമുക്ക് ഒരിക്കൾ കൂടി മടങ്ങി പോകാം.

അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതുഒക്കേയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നേ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ. ഇതൊ ക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ

78 . വെളിപ്പാട് 20: 4–6 വരെയുള്ള വചനങ്ങളിൽ പറഞ്ഞിരിക്കുന്ന പുനരുത്ഥാനം ഒന്നാം പ ുനുരുത്ഥാനത്തിന്റെ രാം ഭാഗമാണ്, അതായത് ഉൾപ്രാപണസമയത്ത് സംഭവിക്കുന്ന കർത്താവിന്റെ ഒന്നാംവരവ് വെളിപ്പാട് 20:4–6ൽ പറഞ്ഞിരിക്കുന്ന പുനരുത്ഥാനം രാം പുന രുത്ഥാനമാണ്. എന്തുകൊ് ഇതിനെ രാം പുനരുത്ഥാനം എന്നു പറയുന്നില്ല?

സത്യമായിട്ടു നിങ്ങളോടു പറയുന്നു.[79] ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല (മത്തായി 24: 32–35).

യേശു തന്റെ മടങ്ങിവരവിന്റെ അടയാളങ്ങളെക്കുറിച്ച് ശിഷ്യന്മാർക്ക് വിവരിച്ചുകൊടുത്തിട്ട് തന്റെ മടങ്ങിവരവ് തികച്ചും നിഗൂഢമായിരിക്കുമെന്ന് യേശു വെളിപ്പെടുത്തി.

> ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവുമാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടി അറിയുന്നില്ല (മത്താ 24:36).

ഏതുനേരത്തും യേശുവിന്റെ മടങ്ങിവരവ് സംഭവിക്കാം. എപ്പോൾ വേണമെങ്കിലും സഭയ്ക്ക് ഉൾപ്രാപണം സംഭവിക്കാം. യേശുവിന്റെ വരവിനു മുമ്പ് പല അടയാളങ്ങളും സംഭവിക്കാം, അതുകൊ് ശിഷ്യന്മാർ ഒരുക്കമുള്ളവ രായിരിക്കണമെന്ന് യേശു ശിഷ്യന്മാരെ ഉത്ബോധിപ്പിക്കുകയായിരുന്നു. നാളും നാഴികയും ആർക്കും ഗ്രഹിക്കുവാൻ സാധ്യമല്ല. യേശു തന്റെ ആദ്യത്തെ രഹസ്യവരവിനെക്കുറിച്ചല്ല, മഹോദ്രവകാലത്തിൽ സംഭവിക്കുന്ന യേശുവിന്റെ വീും വരവിനെക്കുറിച്ചാണ് പറയുന്നത്. ഇവിടെ ഒരു തർക്ക ത്തിന്റെ ആവശ്യം ഉദിക്കുന്നില്ല.

## യേശുവിന്റെ മടങ്ങിവരവ് - ഒരു അത്ഭുതമോ?
## (His Return - A Complete Surprise?)

മഹോദ്രവകാലത്തിന്റെ തുടക്കത്തിലാണോ, ഒടുക്കത്തിലാണോ, ഉൾപ്രാപണം സംഭവിക്കുന്നത് എന്ന വാദത്തിന് പ്രസക്തിയില്ല. പീഢനത്തി ന്റെകാലത്ത് അത് സംഭവിക്കുമെന്നുള്ളത് വസ്തുതയാണ്.

ഒലിവുമലയിലെ പ്രഭാഷണത്തിൽ യേശു തന്റെ ശിഷ്യന്മാരോട്, യേശുവിന്റെ രാം വരവിന് ഒരുക്കമുള്ളവരായിരിക്കാൻ പ്രബോധിപ്പിച്ചു. യേശുവിന്റെ വീും വരവിനുമുമ്പ് പല അടയാളങ്ങളും സംഭവിക്കും. യേശു വിന്റെ വീും വരവിന് ഇത്രയും ദൈർഘ്യം ഉായിരുന്നെങ്കിൽ, യേശു തന്റെ ശിഷ്യനമാരോടു ഒരുങ്ങി ജാഗ്രതയോട് ഇരിപ്പാൻ കല്പിച്ചതെന്തിനാണ്? വിശ്വസികളെല്ലാം യേശുവിന്റെ വീും വരവിനുവേി എപ്പോഴും ഒരുക്കമുള്ളവ രായിരിക്കണമെന്ന് യേശു ആഹ്വാനം ചെയ്തു. യേശുവിന്റെ വാക്കുകളെ അനുകരിച്ചാണ്, അപ്പോസ്തലന്മാരും സഭയോടെ യേശുവിന്റെ വീും വരവിന വേി ഒരുങ്ങിയിരിപ്പാൻ ആഹ്വാനം ചെയ്തത്.

---

[79] . യേശുവിന്റെ ഗിരിപ്രഭാഷണം കേട്ടവർ ഒക്കേയും അവരുടെ തലമുറയിൽതന്നെ ഇതൊക്കെയും സംഭവിക്കുമെന്നു വിശ്വസിച്ചിരുന്നു, എന്നാൽ അത് അസംഭ്യവ്യമെന്ന് നമു ക്കറിയാം. അതുകൊ് മത്താ 24:34ലെ യേശുവിന്റെ വാക്കുകൾക്ക് മറ്റൊരർത്ഥം കല്പിക്ക ണം. ഇതെല്ലാം ഒരുകാലത്ത് സംഭവിക്കും, അല്ലെങ്കിൽ (യഹൂദന്റെ) വിശ്വാസികളുടെ കാലത്ത് (തലമുറ എന്ന് വിവർത്തനം ചെയ്തിരിക്കുന്നു) ഇത് സംഭവിക്കാതെ അവർ ലോകത്ത്നിന്ന് മാറ്റപ്പെടുകയില്ല.

സങ്കീർണ്ണമായ ഒന്നിനെ അഭിമുഖീകരിക്കാനുള്ള ഒരു തയ്യാറെടുപ്പിന്റെ സൂചനയാണ് പ്രാഥമിക പീഡനമെന്ന് ചിലർ വിശ്വസിക്കുന്നു. ക്രിസ്തുവിന്റെ ഒന്നാം വരവ് മഹോദ്രവകാലത്തിന്റെ അന്ത്യത്തിന് മുമ്പ് നടക്കുമെന്ന് ഇവർ അഭിപ്രായപ്പെടുന്നു. അതുകൊ് യേശുവിന്റെ പ്രഥമവരവ് എപ്പോഴെങ്കിലുമല്ല, മഹോദ്രവകാലത്തിന്റെ അവസാനത്തിൽ തന്നെ നടക്കും. പീഡനകാലത്തിന്റെ സൂചനയായി അടയാളങ്ങൾ ഉാകുന്നതിനു മുമ്പ് യേശുവിന്റെ വരവ് ഉാകുകയില്ല.

ഇന്നത്തെ രാഷ്ട്രീയ പാശ്ചാത്തലത്തിൽ യേശു ഇന്നോ നാളെയോ വരാൻ സാധ്യതയില്ലാ എന്ന് വാദിക്കുന്നവർസഹിതം യേശുവിന്റെ വീും വരവിനെകുറിച്ച് വിവാദങ്ങളുടെ ഒരു വേലിയേറ്റം തന്നെയ്. ഏഴുവർഷത്തെ മഹോദ്രവകാലം ആരംഭിക്കുന്നതിനുമുമ്പ് അനേകപ്രവചനങ്ങൾ നിറവേറ്റപ്പെടാനു്. ഉദാഹരണത്തിന്, അന്തിക്രിസ്തു യിസ്രായേൽ ജനവുമായി ഏഴു വർഷത്തേക്കു ഒരുടമ്പടി ഉാക്കും, അത് പീഢനത്തിന് തുടക്കമായിരിക്കുമെന്ന് ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ഏഴുവർഷത്തെ പീഢനത്തിന് മുമ്പ് ആരംഭിക്കുകയാണെങ്കിൽ, അന്തിക്രിസ്തു യിസ്രായേലുമായി ഏഴുവർഷത്തെ ഉടമ്പടി ഉാക്കുന്നതിനുമുമ്പു തന്നെ ഉൾപ്രാപണം സംഭവിക്കണം.

യേശുവിന്റെ മടങ്ങിവരവ് ഒരത്ഭുതമായിരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നില്ല. ചില പീഡനങ്ങളൊക്കെ അതിന്റെ മുന്നോടിയായി സംഭവിക്കുമെന്ന് യേശു പറഞ്ഞിട്ടു്. യേശുവിന്റെ ഒലിവുമലയിലെ പ്രഭാഷണം ശ്രദ്ധിക്കുക:

> നോഹയുടെ കാലംപോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിന്നുമുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നുകൊടുത്തും പോന്നു; ജലപ്രളയം വന്നു എല്ലാവരേയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും. അന്നു രുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും.[80] രുപേർ ഒരു തിരിക്കല്ലിൽ പൊടിച്ചുകൊിരിക്കും; ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും. നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊു ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീടു തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനെക്കാത്ത

80 . യേശുവിന്റെ വരവിനുവേി കാത്തിരിക്കുന്ന ചിലരു്, അവർ മേഘപ്രത്യക്ഷതയിൽ എടുക്കപ്പെടും. ഒരുവന്റെ ഒരുക്കമാണ് അവന്റെ വിധി നിർണ്ണയിക്കുന്നത്.

നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊ് നിങ്ങളും ഒരുങ്ങിയിരിപ്പിൻ (മത്തായി 24: 37-44).

യേശുവിന്റെ മടങ്ങിവരവിങ്കൽ തന്റെ ശിഷ്യന്മാരെല്ലാവരും ഒരുക്കമുള്ളവരായിരിക്കണമെന്ന് യേശു പ്രത്യാശിക്കുന്നു. ഒലിവുമലയിലെ പ്രഭാഷണത്തിനുമുമ്പും പിമ്പും യേശു പറഞ്ഞത് ഇത് തന്നെയാണ്. നാളും നാഴികയും അറിയാത്തതുകൊ് ഒരുങ്ങിയിരിക്കണമെന്ന് യേശു തന്റെ ശിഷ്യന്മാരോടു ഉത്ബോധിപ്പിച്ചു. ഏതു സമയത്ത് കർത്താവ് വന്നാലും ഞാൻ തയ്യാറാണെന്ന് വാക്കുകൾകൊു മാത്രം ഒരുക്കം പ്രാപിച്ചവർ യഥാർത്ഥത്തിൽ ഒരുങ്ങിയിട്ടില്ലായെന്നു നമുക്കു വ്യക്തമായി മനസ്സിലാക്കാം. അന്തിക്രിസ്തുവിന്റെ വ്യാപകമായ പീഢനത്തോടൊപ്പം അനേകർ വീണുപോകാൻ ഇടയാകും. വചനം നമ്മെ എന്തുപഠിപ്പിച്ചിരിക്കുന്നുവോ അതിനായി കാത്തിരിക്കുക, അതുതന്നെ സംഭവിക്കും.

പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ ശിഷ്യന്മാരോട് യേശു എപ്പോൾ മടങ്ങിവരുമെന്നു ചോദിച്ചാൽ, എന്തായിരിക്കും അവരുടെ ഉത്തരം. യേശു അവരോടു പറഞ്ഞ അടയാളങ്ങൾ സംഭവിച്ചു കഴിയുമ്പോൾ യേശു മടങ്ങിവരുമെന്ന് അവൻ പറയും. അന്തിക്രിസ്തുവിന്റെ വരവിനുമുമ്പോ, മഹോദ്രവകാലത്തിനുമുമ്പോ യേശുവരുമെന്ന് ശിഷ്യന്മാർ പറയുകയില്ല.

## രാത്രിയിൽ ഒരു കള്ളൻ
## (A Thief in the Night)

കള്ളൻ രാത്രിയിൽവരുന്നതുപോലെ എന്ന പ്രയോഗവുമായി യേശുവിന്റെ വരവിനെ ബന്ധപ്പെടുത്തിയിട്ടു്. എന്നാൽ യേശുവിന്റെ മടങ്ങിവരുമായി ബന്ധപ്പെട്ട് പലസൂചനകൾ നമുക്ക് വചനപ്രകാരം ലഭിച്ചിട്ടു്.

കർത്താവിന്റെ ദിവസത്തെക്കുറിച്ച് പത്രോസും പൗലോസും എഴുതുമ്പോൾ രാത്രിയിൽ കള്ളൻവരുന്നതുപോലെ എന്ന് ഉപയോഗിച്ചിട്ടു് (1 തെസ് 5:2-4, 2 പത്രോ 3:10) മഹോദ്രവകാലത്തിന്റെ അന്ത്യത്തിൽ ലോകത്തെ വിധിക്കാൻ വരുന്ന ഒരു ന്യായാധിപനായിട്ടാണ് യേശുവിനെ പൗലോസും പത്രോസും ചിത്രീകരിക്കുന്നത്. സഹോദരന്മാരെ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല, നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു, നാം രാത്രിക്കും ഇരുട്ടിന്നും ഉള്ളവരല്ല എന്ന് പൗലോസ് പറയുന്നു (1 തെസ് 5: 4-5). യേശുവിന്റെ വരവിന് കാതോർത്തിരിക്കുന്നവർ ഇരുട്ടിന്റെ മക്കളല്ല, യേശുവിന്റെ വരവ് അവർക്ക് ആശ്ചര്യം ഉളവാക്കുകയുമില്ല; അവരെ സംബന്ധിച്ചിടത്തോളം യേശു രാത്രിയിൽ വരുന്ന ഒരു കള്ളനെപ്പോലെയല്ല അന്ധകാരത്തിൽ (ഇരുട്ടിൽ) ആയിരിക്കുന്നവർക്കാണ് യേശുവിന്റെ വരവ് ആശ്ചര്യം ഉളവാക്കുന്നത്. അവർക്ക് യേശു പഠിപ്പിച്ചതുപോലെ ആശ്ചര്യജനകമായിരിക്കും

(രാത്രിയിൽ കള്ളൻ വരുന്നതുപോലെ എന്ന പ്രയോഗം വെളി 3:3, 16:15, അർമഗദ്ദോൻ യുദ്ധവുമായി ബന്ധപ്പെട്ടവിവരം നോക്കുക).

യേശുവിന്റെ രാം വരവിങ്കൽ ഒരുങ്ങിയിരിപ്പാൻ യേശു ശിഷ്യന്മാർക്ക് ഒലുവുമലയിലെ പ്രഭാഷണത്തിലുടെ മുന്നറിയിപ്പ് നൽകുന്നു. ഒരുങ്ങിയി രിപ്പിൻ എന്ന് യേശു നിരന്തരം അവരെ പ്രബോധിപ്പിക്കുന്നതുകാണാം. വിശ്വ സ്തയില്ലാത്ത ദാസൻ, പത്തു കന്യകമാർ, പത്തു താലന്ത്, ചെമ്മരിയാടും കോലാടും ഇവയോക്കെയും യേശുവിന്റെ മടങ്ങിവരവിനെ പ്രബോധിപ്പി ക്കുന്ന പ്രസ്താ-വനകളാണ്. യേശുവിനെ സ്വീകരിക്കാൻ തയ്യാറല്ലാത്ത വർ നരകത്തിലേക്കുള്ള വഴിതേടുന്നവരാണെന്ന സത്യം അവഗണിച്ചുകൂടാ (മത്താ 24:50–51,25:30,41,46). അവൻ മടങ്ങി വരുമ്പോൾ[81] അവനു വേി വഴിഒ രുക്കുന്നവനാണ്, ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ.

## മറ്റൊരു വിയോജിപ്പ്
## (Another Objection)

നീതിമാനും ദുഷ്ടനും ഒരുപോലെ ശിക്ഷിക്കപ്പെടുകയില്ലായെന്ന് ലോത്ത്, നോഹ, യിസ്രായേൽ ജനം, എന്നിവരുടെ ജീവിതത്തെ എടുത്തു കാട്ടി വചനം ഇതിന് തെളിവുകൾ തരുന്നു. നീതിമാന്മാർ ഏഴുവർഷത്തെ പ ീഡനകാലത്തിന്റെ ശിക്ഷ അനുഭവിക്കുകയില്ല എന്നത് വചന വാഗ്ദത്തമാണ് (1 തെസ് 1: 9–10, 5:8).

അക്കാലത്ത് നീതിമാന്മാർ ക്രൂരമായി പീഢിപ്പിക്കപ്പെടും; എന്നാൽ പീഢനം ദൈവത്തിൽനിന്ന് ആയിരിക്കയില്ല. ദുഷ്ടന്മാരിൽനിന്നായി രിക്കും.വിശ്വസികൾ പീഢനത്തിൽനിന്നും ഒഴിവാക്കപ്പെടുകയില്ല, അവർ പ ീഢനത്തിന് ഇരയാകും. ഏഴുവർഷത്തെ പീഢനകാലത്ത് അനേക വിശ്വാസി കൾ തങ്ങളുടെ ജീവനെ കളയും (മത്താ 24:9, വെളി 6: 9–11; 13:15; 16:5–6; 17:6; 18:24; 19:2) അനേകർ ഗളച്ഛേദം ചെയ്യപ്പെടും (വെളി 20:4).

ഓരോ ദേശത്തും ദൈവജനം രക്തസാക്ഷികളാകുമ്പോൾ ദൈവ കോപം ദേശത്തെങ്ങും ജ്വലിക്കും. ദുഷ്ടന്മാരുടെ മേൽ ദൈവത്തിന്റെ ന്യായ വിധിഉാകും. എന്നാൽ നീതിമാനെ ദൈവം സംരക്ഷിക്കും. മോശയുടെ കാലത്ത് ഈജിപ്റ്റിൽ ദൈവത്തിന്റെ ന്യായവിധി ഉായപ്പോൾ ഇത് തെളിയി ക്കപ്പെട്ടതാണ്. ഈജിപ്റ്റിൽ ന്യായവിധിയുടെവാൾ ജാതികളുടെമേൽ സംഹാരം നടത്തിയപ്പോൾ ദൈവജനത്തിനെതിരെ ഒരു നായ് കുര ക്കാൻപോലും ദൈവം അനുവദിച്ചില്ല (പുറ 11:7) അഞ്ചുമാസം ദുഷ്ടന്മാരെ

81 . യേശുവിന്റെ മടങ്ങിവരവിൽ ഒരുക്കം ഉള്ളവരായിരിപ്പാൻ യേശു അരുളിചെയ്യുന്നു. കാരണം അവരിൽ പലരും ഒരുക്കമില്ലാത്തവരായിരിപ്പാൻ സാധ്യതയു് എന്ന് യേശു മനസ്സി ലാക്കിയിരുന്നു. പാപം വിട്ട് പ്രാപിച്ച രക്ഷ നിലനിർത്തിയില്ലെങ്കിൽ രക്ഷ നഷ്ടപ്പെട്ട് വീും പാപം ചെയ്യാൻ സാധ്യതയു്. രക്ഷനിലനിർത്താൻ വിശുദ്ധി അത്യാവശ്യമാണ്. ഒരിക്കൽ രക്ഷ പ്രാപിച്ചാൽ അത് ഒരിക്കലും നഷ്ടപ്പെടുകയില്ലായെന്ന ധാരണ തികച്ചും വിഡ്ഢിത്വ മാണ്.

ദണ്ഡിപ്പിക്കുവാൻ ദൈവം ഭൂമിയിൽ തേൾ കുത്തുന്നതുപോലെ മനുഷ്യനെ കുത്തുന്ന വെട്ടിക്കിളികളെ അയക്കും, എന്നാൽ ദൈവത്തിന്റെ മുദ്ര ഏല്പി ക്കപ്പെട്ടവരായ 1,44,000 പേർ ഈ ദണ്ഡനത്തിൽനിന്നും പൂർണ്ണമായി ഒഴിവാ ക്കപ്പെട്ടിരിക്കും (വെളി 9:1-11).

## വെളിപ്പാടിലെ ഉൾപ്രാപണം
## (The Rapture in Revelation)

വെളിപ്പാട് പുസ്തകത്തിൽ സഭയുടെ ഉൾപ്രാപണത്തെക്കുറിച്ച് പരാ മർശമില്ല. വെളി 19-ാം അദ്ധ്യായത്തിൽ അന്തിക്രിസ്തുവുമായുള്ള അർമഗ ദ്ദോൻ യുദ്ധത്തിൽ ക്രിസ്തു പ്രത്യക്ഷപ്പെടുന്നതായി നാം വായിക്കുന്നു. ഉൾപ്രാപണം സംഭവിക്കുന്നതിനെക്കുറിച്ച് അപ്പോഴും പറയുന്നില്ല. എന്നാൽ രക്തസാക്ഷികളുടെ പുനരുദ്ധാനം ഈ കാലഘട്ടത്തിൽ സംഭവിക്കുന്നതായി രേഖപ്പെടുത്തിട്ടു (വെളി 20:4). ക്രിസ്തുവിൽ മരിച്ചവർ ക്രിസ്തുവിന്റെ വര വിൽ ഉയർത്തെഴുന്നേൽക്കുമെന്ന് പൗലോസ് രേഖപ്പെടുത്തിയിട്ടു. ഈ കാല ഘട്ടത്തിൽ സഭ എടുക്കപ്പെടും, മറ്റുള്ളവചനങ്ങളും താരതമ്യപ്പെടുത്തിപഠി ക്കുമ്പോൾ മഹോദ്രവകാലത്തിന്റെ അന്ത്യംവരെ വെളിപ്പാട് 19, 20 അദ്ധ്യായ ങ്ങളിൽ പറയുന്നതുപോലെ, ഉൾപ്രാപണം സംഭവിക്കുകയില്ലായെന്ന് നാം വിശ്വസിക്കേിവരും. എന്നാൽ ഈ വിഷയത്തെക്കുറിച്ച് മറ്റുചില കാഴ്ചപ്പാടു കളുമു്.

വെളിപ്പാട് 6ഉം 7ഉം അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉൾപ്രാപണം ചിലർ വിശ്വസിക്കുന്നു. സൂര്യൻ ഇരുുപോകും, ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും, അപ്പോൾ മനുഷ്യപുത്രന്റെ അട യാളം ആകാശത്തുവിളങ്ങും. അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശ ക്തിയോടും തേജസ്സോടുംകൂടെ വരുന്നതുകാണാം. (മത്തായി 24: 29-31) തുടർന്നു, വിവിധ ദേശങ്ങളിൽനിന്നും, ജാതിയിൽനിന്നും ഭാഷയിൽനിന്നും മഹാകഷ്ടം സഹിച്ചുവന്നവരുടെ കൂട്ടം എന്ന് വെളി 7:14ൽ നാം വായിക്കു ന്നു. ഇവരെ രക്തസാക്ഷികളുടെ വിഭാഗത്തിൽഉൾപ്പെടുത്തിയിട്ടില്ലായെന്ന് വെളി 6:9-11 വരെയുള്ള വാക്യത്തിൽ കാണാം. ഇവർ രക്തസാക്ഷികളെക്കാൾ വിലപ്പെട്ടവരാണ്. അതായത് പീഡനത്തിൽ നിന്നു മോചിക്കപ്പെട്ടുവന്ന വിശ്വാ സികൾ.

മത്തായി 24:29-31 വരെയുള്ള വാക്യങ്ങളിൽ യേശു പറഞ്ഞതുപോ ലെ, വെളിപ്പാട് 6:12-13ൽ വിവരിച്ചിരിക്കുന്ന തരത്തിലുള്ള ആകാശമണ്ഡല ത്തിന്റെ വ്യതിയാനത്തിനുശേഷം ഉൾപ്രാപണം സംഭവിച്ചേക്കാം. ഈ ഏഴു വർഷത്തെ കഷ്ടതയുടെ കാലഘട്ടത്തിൽ ഏതു സമയത്താണ് വെളി 6:12-13 വരെ പറഞ്ഞിരിക്കുന്ന ആകാശത്തിലെ മാറ്റങ്ങൾ സംഭവിക്കുന്നതെന്ന് വ്യക്ത മായ സൂചനയില്ല. വെളി 6: 1-13 വരെയുള്ള സംഭവങ്ങൾ തുടർമാനമായി സംഭവിക്കുന്നതാണെങ്കിൽ, അന്തിക്രിസ്തുവിന്റെ വരവുവരെ ഉൾപ്രാപണം

സംഭവിക്കുകയില്ലായെന്ന് ന്യായമായും വിശ്വസിക്കാം (വെളി 6: 1–2 വാക്യങ്ങൾ നോക്കുക) വ്യാപകമായ യുദ്ധം (വെളി 6:3–4), പട്ടിണി (6:5–6). യുദ്ധം, പട്ടിണി, പകർച്ചവ്യാധി, വന്യമൃഗം മുതലായവമൂലം ജനസംഖ്യയുടെ നാലിൽഒന്ന് നശിക്കും (വെളി 6: 7–8). രക്തസാക്ഷികൾ ഉാകും (6:9–11) ഇവയൊക്കേയും ഏഴാുകാലത്തെ പീഡനത്തിനുമുമ്പ് സംഭവിക്കും. ഇതിന്റെ അന്ത്യത്തിൽ ഉൾപ്രാപണവും നടക്കും.

ഉൾപ്രാപണം 7 വർഷത്തെ പീഡനത്തിനുമുമ്പ് സംഭവിക്കുമെങ്കിൽ വെളിപ്പാട് 8–ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതുപോലെയുള്ള ധൂപകലശം, കാഹളനാദം എന്ന ന്യായവിധികൾ സംഭവിക്കും. ഏഴുബാധയുള്ള ഏഴുദൂതന്മാർ പ്രത്യക്ഷപ്പെട്ടതോടെ ദൈവക്രോധം തീർന്നു (വെളി 15:1) തീ കലർന്ന പളുങ്കുകടൽപോലെ  പ്രതിമയോടും, മൃഗത്തോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുകൊു പളുങ്കുകടലിന്നരികെ നിൽക്കും (വെളി: 15:2). വിജയിക്കുന്നവർ എടുക്കപ്പെടും, അല്ലെങ്കിൽ രക്തസാ-ക്ഷികൾ ആകും. ഇതിൽ ഏതാണ് സംഭവിക്കുന്നതെന്ന് വചനം വെളിപ്പെടുത്തുന്നില്ല. 15:2ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ളത് തുടർച്ചയായും കാണുന്നില്ല.

ഉൾപ്രാപണം 7 വർഷത്തെ പീഡനത്തിനുമുമ്പ് സംഭവിക്കുമെങ്കിൽ ഉാകാവുന്ന മറ്റൊരു അനുമാനം: വെളിപ്പാട് 9:1–12 വരെയുള്ള ഭാഗങ്ങളിൽ കാണുന്ന അഞ്ചാമത്തെ കാഹളനാദം മുഴങ്ങുമ്പോൾ നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്തവരെ ദണ്ഡിപ്പിക്കുനാവുള്ള അധികാരം ലഭിക്കും (9:4). മുദ്രയേറ്റവർ ആകെ 1,44,000 പേർ ആയിരിക്കും (വെളി 7:3–8) അഞ്ചാമത്തെ കാഹളനാദം കേൾക്കുന്നതിനുമുമ്പ് സകല വിശുദ്ധന്മാരും എടുക്കപ്പെടും, അങ്ങനെ സംഭവിച്ചില്ലായെങ്കിൽ വെട്ടുക്കിളിയുടെ ദണ്ഡനം അവർക്കും ഏല്ക്കേിവരും. വെട്ടുക്കിളികൾ ജനത്തെ അഞ്ചുമാസം ദണ്ഡിപ്പിക്കും (9: 5,10) അതുകൊ് ഏഴുവർഷത്തെ പീഡനത്തിനു അഞ്ചുമാസം മുമ്പ് എങ്കിലും ഉൾപ്രാപണം സംഭവിച്ചിരിക്കും.

നാം ക പ്രസ്താവനകൾക്ക് വിഭിന്നമായ വിമർശനങ്ങൾ ഉാകാം. അഞ്ചാമത്തെ ദൂതന്റെ കാഹളം ധ്വനിക്കപ്പെടുന്നതിനുമുമ്പ് ഉൾപ്രാപണം സംഭവിക്കുമെന്ന് ഉറപ്പിക്കുന്ന ഒരു പ്രസ്താവനയല്ല മുകളിലത്തെത്. ദണ്ഡിപ്പിക്കുന്ന വെട്ടിക്കിളികളുടെ പീഡനം നടക്കുമ്പോഴും എടുക്കപ്പെടാത്ത ഒരു കൂട്ടം വിശ്വാസികൾ ഇവിടെ ഉാകം, പ്രത്യേകിച്ചും മുദ്രയേല്ക്കപ്പെട്ട യിസ്രായേലിന്റെ 1,44,000 പേർ ആക്കൂട്ടത്തിൽ ഉാകാം. ദൈവത്തിന്റെ ക്രോധാഗ്നിയിൽപെടാതെ അവർ സംരക്ഷിക്കപ്പെടും

ഇതിന്റെ എല്ലാം അവസാനമെന്താണ്?  എന്റെ അഭിപ്രായത്തിൽ, ഉൾപ്രാപണം ഏഴുവർഷത്തെ പീഡനത്തിന്റെ ആരംഭത്തിലോ, അവസാനത്തിലോ സംഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. വിശ്വാസികൾ ദൈവകോപത്തെ ഭയപ്പെടേതില്ല, എന്നാൽ രൂക്ഷമായ പീഡനവും ആത്മത്യാഗവും അഭിമുഖീകരിക്കേിവരും.

## പീഡനത്തിന്റെ കാലം
## (The Tribulation Period)

ഏഴുവർഷത്തെ മഹോദ്രവകാലത്തെക്കുറിച്ച് വചനം എന്തുപറയുന്നു എന്നു നോക്കാം. മഹോദ്രവകാലത്തിന്റെ ദൈർഘ്യം ഏഴാണെന്ന് എങ്ങനെയാണ് തിട്ടപ്പെടുത്തിയത്. വെളിപ്പാടുപുസ്തകത്തിന് പുറമെ ദാനിയേൽ പ്രവചനപുസ്തകവും അന്ത്യകാലത്തെക്കുറിച്ച് അറിയാൻ നമ്മെ സഹായിക്കുന്നു.

മറ്റു യഹൂദന്മാരോടൊപ്പം ബാബിലോണിൽ പ്രവാസത്തിൻ കഴിയുന്ന ദാനിയേലിനെക്കുറിച്ച് ഒൻപതാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. യിരമ്യാപ്രവചനപുസ്തകം പഠിക്കുമ്പോൾ ദാനിയേലിന്റെ പ്രവാസത്തിന്റെ ദൈർഘ്യം എഴുപതുവർഷമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു (ദാനി 9:2, യിര 25:11–12). ഈ എഴുപതുവർഷം ഏകദേശം പൂർത്തിയായപ്പോൾ യിസ്രായേലിന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് കരുണയ്ക്കുവേി ദാനിയേൽ പ്രാർത്ഥനയിൽ യാചിക്കുന്നത് നാം കാണുന്നു. അവന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായി ഗബ്രിയേൽ ദൂതൻ ഇറങ്ങിവന്നു. യേശുവിന്റെ മടങ്ങിവരവും മഹോദ്രവകാലത്തിൽ യിസ്രായേലിന്റെ അവസ്ഥയും ദൂതൻ വെളിപ്പെടുത്തി. അത്ഭുതം നിറഞ്ഞ ഒരു പ്രവചനമായി ഇത് ദാനി 9:24–27 ൽ വിവരിച്ചിരിക്കുന്നു. ഈ വചനഭാഗത്തോടുചേർന്ന് എന്റെ അഭിപ്രായം ഞാൻ ബ്രാക്കറ്റിൽ രേഖപ്പെടുത്തിയിട്ട്:

> അതിക്രമത്തെതടസ്സം ചെയ്തു (യിസ്രായേലിന്റെ പാപത്തിന്റെ രൂക്ഷതമൂലം – അവരുടെ മിശിഹായെ അവർ ക്രൂശിച്ചു).പാപങ്ങളെ മുദ്രയിടുവാനും (യേശുവിന്റെ ക്രൂശ്മരണത്തിലുടെ ജനത്തിന് ലഭിച്ച മോചനം) അകൃത്യത്തിന് (യേശുവിന്റെ ക്രൂശ് മരണം) നിത്യനീതിവരുത്തുവാനും (യേശുവിന്റെ രാജ്യത്തിലെ ഭൗമികഭരണം) ദർശനവും പ്രവചനവും മുദ്രയിടുവാനും (ഒരു പക്ഷേ അന്ത്യകാല വചനത്തെക്കുറിച്ചുള്ള പ്രവചനം) അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും (സ്ഥാപിതമാകാൻ പോകുന്ന പുതിയ ആലയത്തെക്കുറിച്ചുള്ള പ്രതിപാദ്യം) നിന്റെ ജനത്തിനും (യിസ്രായേൽ) വിശുദ്ധനഗരത്തിനും (യറുശലേം) എഴുപതു ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു (ഇത് ആഴ്ചകളോ, മാസങ്ങളോ 490 വർഷങ്ങളോ ആകാം) അതുകൊ് നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേതെന്തെന്നാൽ: യറുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാൻ കല്പനപുറപ്പെടുന്നതു മുതൽ (കല്പനപുറപ്പെടുവിച്ചതു 445 ബി.സി.യിൽ അർത്ഥശഷ്ടാരാജാവ്, അഭിഷക്തനായ ഒരു പ്രഭുവരെ (കർത്താവായ യേശുക്രിസ്തു) ഏഴു ആഴ്ചവട്ടം; അറുപത്തിരു ആഴ്ചവട്ടം കൊു അതിനെ (69 ആഴ്ചകൾ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നേ വീും പണിയും (ബാബിലോണിയർ നശിപ്പിച്ച യറുശലേം പുനർനിർമ്മിക്കപ്പെടും) അറുപത്തിരു ആഴ്ചവട്ടം കഴിഞ്ഞിട്ടു (445 ബി.സി.യിലെ വിളംബര

ത്തിനുശേഷം 483 വർഷം തികയുമ്പോൾ) അഭിഷിക്തൻ ഛേദിക്കപ്പെടും (ഒരു വർഷത്തിനു 360 ദിവസങ്ങൾ ഉള്ളയഹൂദന്മാരുടെ കലർ പ്രകാരം എ.ഡി.32ൽ യേശു ക്രൂശിക്കപ്പെടും) അവനു ആരും ഇല്ലെന്നു വരും. പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ (അന്തിക്രിസ്തു) പടജ്ജനം നഗരത്തേയും വിശുദ്ധമന്ദിരത്തേയും നശിപ്പിക്കും (എ.ഡി. 70ൽ യറുശലേമിനു ഉായ നാശത്തെ പ്രതിപാദിക്കുന്നു). അതിന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും. അവസാനത്തോളം യുദ്ധം ഉാകും ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ (വരുവാനുള്ള പ്രഭുവായ അന്തിക്രിസ്തു) ഒരു ആഴ്ചവട്ടത്തേക്കു (ഏഴു വർഷത്തേക്ക്,അതായത് മഹോദ്രവകാലം) പലരോടും (യിസ്രായേൽ) നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ (അതായത് മൂന്നര വർഷം) അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും (അന്തിക്രിസ്തു യറുശലേം ദേവാലയത്തിൽ സ്വയം ദൈവമാണെന്ന് പ്രഖ്യാപിച്ച് ഇരുന്നുവാഴും 2 തെ 2:1-4) മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; (യേശു മടങ്ങവരും) നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും (അന്തിക്രിസ്തുവിന്റെ ഭരണത്തെയേശു അവസാനിപ്പിക്കും) (ദാനി 9: 24-27).

### 490 പ്രത്യേകവർഷങ്ങൾ
### (490 Special Years)

ബി.സി. 445ലെ അഗസ്തനോസ് ചക്രവർത്തിയുടെ യറുശലേം പുനർപണിയുവാനുള്ള വിളംബരപ്രകാരം 490 പ്രത്യേകവർഷങ്ങൾ ദൈവം ഭാവി ചരിത്രത്തിന് അനുവദിച്ചു. എന്നാൽ ഈ വർഷം തുടർമാനമല്ല, ഇത് ആദ്യം 483 എന്ന ആദ്യഘട്ടം തുടർന്ന് 7 വർഷം എന്ന രാം ഘട്ടം. ഒന്നാം ഘട്ടമായ 483 വർഷം പൂർത്തീകരിക്കപ്പെട്ടപ്പോൾ (യേശുവിന്റെ ക്രൂശീകരണം സംഭവിച്ച വർഷം) സമയമായ ഘടികാരം നിശ്ചലമായി ഏകദേശം രായിരമാകുന്ന സമയം ഘടികാരം നിലയ്ക്കുമെന്ന് ദാനിയേൽ സ്വപ്നം കിരിക്കാൻ ഇടയില്ല. ഭാവിയിൽ എന്നെങ്കിലും ഈ ഘടികാരം അന്തിമമായ ആ ഏഴു വർഷം അവസാനിക്കാൻ വേിയുള്ള ചലനം ആരംഭിക്കും.ഈ ഏഴുവർഷത്തെ പീഡനത്തിന്റെ ഏഴുവർമെന്നു മാത്രമല്ല ദാനിയേലിന്റെ എഴുപതു ആഴ്ച എന്നുകൂടി അറിയപ്പെടും.

ഈ ഏഴുവർഷത്തെ മൂന്നര വർഷമുള്ള രു ഭാഗങ്ങളായി വിഭജിച്ചിട്ട്. അന്തിക്രിസ്തുവിന്റെ വാഴ്ചയുടെ മദ്ധ്യകാലഘട്ടത്തിൽ, ദാനിയേൽ പ്രവചനപുസ്തകത്തിൽ വായിക്കുന്നതുപോലെ അന്തിക്രിസ്തു യിസ്രായേലുമായുള്ള ഉടമ്പടി ലംഘിക്കും, ഹനനയാഗവും, ഭോജനയാഗവും നിർത്തിക്കള

യും. പൗലോസ് പറഞ്ഞത്പോലെ അന്തിക്രിസ്തു യറുശലേം ദേവാലയത്തിൽ ഇരുന്നു അവൻ ദൈവമാണെന്ന് പ്രഖ്യാപിക്കും.[82]

യേശു പറഞ്ഞതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത (മത്തായി 24:15) യഹൂദ്യയിലുള്ള വിശ്വാസികൾ മലകളിലേക്കു ഓടിപ്പോകട്ടെ (മത്താ 24:16), ലോകാരംഭം മുതൽ ഇന്നുവരേയും സംഭവിച്ചിട്ടില്ലാത്തവും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നുാകും (മത്താ 24:21).

യഹുദന്മാരുടെ പലായനം യോഹന്നാൻ തന്റെ ദർശനത്തിൽ കത് വെളിപ്പാട് പുസ്തകത്തിലെ പന്ത്രാം അദ്ധ്യായത്തിൽ വിവരിച്ചിട്ട്. മൂന്നര വർഷം യഹൂദന്മാർ നിർജ്ജനപ്രദേശത്ത് പരിപാലിക്കപ്പെടും (വെളി 12:6; 13-17). അവരുടെ സംരക്ഷണത്തിൽ സാത്താൻ കോപിച്ചു ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി ശേഷിപ്പുള്ളവരോട് യുദ്ധം ചെയവാൻ പുറപ്പെട്ടു (വെളി 12:17). അന്തിക്രിസ്തുവിന്റെ ദൈവീക പ്രഖ്യാപനത്തോടെ വിശ്വാസികൾ സുരക്ഷിതസ്ഥലങ്ങളിൽ ഒന്നിച്ചു പാർക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ വിശ്വാസം.

## ദാനിയേലിന്റെ അന്ത്യവെളിപ്പാട്
## (Daniel's Last Revelation)

ദാനിയേൽ പ്രവചനത്തിലെ അവസാനത്തെ പതിമൂന്ന് വാക്യങ്ങൾ നമുക്ക് പരിഗണിക്കാം. ഈ വാക്യങ്ങൾ മാലാഖമാർ ദാനിയേലിനോട് സംസാരിച്ചതാണ്. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന എന്റെ അഭിപ്രായത്തോടുകൂടി ഞാൻ അതു ചുവടെ ചേർക്കുന്നു:

> ആ കാലത്തു നിന്റെ സ്വജാതിക്കാർക്കും തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ (മാലാഖ) എഴുന്നേൽക്കും; ഒരു ജാതി ഉായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉാകും (മത്താ 24:21ൽ യേശു പറഞ്ഞ കഷ്ടതകൾക്ക് സമാനതയുള്ളതാണിത്). അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ രക്ഷപ്രാപിക്കും (ഉൾപ്രാപണകാലത്ത് മലകളിലേക്ക് രക്ഷാർത്ഥം ഓടുന്ന യഹൂദന്മാർക്ക് തുല്യമാണിത്) നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ നിത്യലജ്ജക്കും നിത്യനിന്ദക്കുമായും ഉണരും (നീതിമാന്മാരുടേയും ദുഷ്ടന്മാരുടേയും ഉയിർപ്പ്) എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും (ഉയിർപ്പിനുശേഷം നീതിമാന്മാരുടെ ശരീരം ദൈവത്തിന്റെ തേജസുകൊട് ജ്വലിക്കും) നീയോ ദാനീയേലേ, അന്ത്യകാലംവരെ ഈ വചനങ്ങളെ അടെച്ചുപുസ്തകം മുദ്രയിടുക; പലരും അതിനെ പരിശോധിക്കയും

[82] . യറുശലേം ദേവാലയം പുനർനിർമ്മിക്കപ്പെടും എന്നത് തീർച്ച. ഇപ്പോൾ യറുശലേമിൽ ആലയമില്ല (ഇത് രചിക്കപ്പെട്ട 2005ൽ)

ജ്ഞാനം വർദ്ധിക്കുകയും ചെയ്യും (കഴിഞ്ഞ നൂറ്റാനുശേഷം മനുഷ്യൻ ഗതാഗതത്തിലും, അറിവിലും കൈവരിച്ച നേട്ടങ്ങൾ ഈ പ്രവചനത്തെ സാധൂകരിക്കുന്നു).

അനന്തരം ദാനിയേൽ എന്ന ഞാൻ നോക്കിയപ്പോൾ, മറ്റു രാൾ ഒരുത്തൻ നദീതീരത്തു ഇക്കരെയും മറ്റവൻ നദീതീരത്തു അക്കരെയും നില്കുന്നതുകു. എന്നാൽ ഒരുത്തൻ ശണവസ്ത്രം ധരിച്ചു നദിയിലെ വെള്ളത്തിന്മീതെ നില്ക്കുന്ന പുരുഷനോടു: ഈ അതിശയകാര്യങ്ങളുടെ അവസാനം എപ്പോൾ വരും എന്നു ചോദിച്ചു. ശണവസ്ത്രം ധരിച്ചു നദിയിലെ വെള്ളത്തിന്മീതെ നില്ക്കുന്ന പുരുഷൻ വലങ്കയ്യും ഇടങ്കയ്യും സ്വർഗ്ഗത്തിലേക്കുയർത്തി: എന്നേക്കും ജീവിച്ചിരിക്കുന്നവനാണ, ഇനികാലവും കാലങ്ങളും കാലാർദ്ധവും ചെല്ലും (ഈ മൂന്നര വർഷത്തെയാണ് വെളി 12:6; 12:14 ഈ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത്) അവർ വിശുദ്ധജനത്തിന്റെ ബലത്തെ തകർത്തുകളഞ്ഞശേഷം ഈ കാര്യങ്ങൾ ഒക്കേയും നിവൃത്തിയാകും, എന്നിങ്ങനെസത്യം ചെയ്യുന്നതു ഞാൻ കേട്ടു (ദാനി. 7:25ൽ പറഞ്ഞിരിക്കുന്നതുപോലെ വിശുദ്ധന്മാർ മൂന്നരവർഷത്തേക്ക് അന്തിക്രിസ്തുവിന്റെ കരങ്ങളിൽ ഏല്പിക്കപ്പെടും, ഇത് പീഡനത്തിന്റെ മൂന്നര വർഷമാണ്. ദൈവദൂതൻ പറഞ്ഞതുപോലെ അത്യുന്നതനുവിരോധമായി വമ്പുപറയുകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും, സമയങ്ങളേയും നിയമങ്ങളേയും മാറ്റുവാൻ ശ്രമിക്കുകയും ചെയ്യും. ഞാൻ കേട്ടു എങ്കിലും ഗ്രഹിച്ചില്ല. ആകയാൽ ഞാൻ: യജമാനനെ ഈ കാര്യങ്ങളുടെ അവസാനം എന്തായിരിക്കും എന്നു ചോദിച്ചു. അതിനു അവൻ ഉത്തരം പറഞ്ഞത്: ദാനിയേലേ, പൊയ്ക്കൊൾക, ഈ വചനങ്ങൾ അന്ത്യകാലത്തേക്കു അടെച്ചും, മുദ്രയിട്ടും ഇരിക്കുന്നു. പലരും തങ്ങളെ ശുദ്ധീകരിച്ചു, നിർമ്മലീകരിച്ചു ശോധനകഴിക്കും (സംശയമില്ല, ഇത് പീഡനത്തിലൂടെ തന്നെയായിരിക്കും) ദുഷ്ടന്മാരൊ, ദുഷ്ടത പ്രവർത്തിക്കും, ദുഷ്ടന്മാരിൽ ആരും അതു തിരിച്ചറികയില്ല; ബുദ്ധിമാന്മാരോ ഗ്രഹിക്കും. നിരന്തരം ഹോമയാഗം നിർത്തലാക്കുകയും, ശൂന്യമാക്കുന്ന മ്ലേച്ഛബിംബത്തെ പ്രതിഷ്ഠിക്കയും ചെയ്യുന്ന കാലം മുതൽ ആയിരത്തിരുനൂറ്റിതൊണ്ണൂറു ദിവസം ചെല്ലും (രു സംഭവങ്ങളുടേയും ഇടയിലുള്ള സമയം എന്ന് ഇതിനെ പരിഗണിക്കാൻ സാധ്യമല്ലകാരണം ഇത് ഏഴുവർഷത്തിന്റെ മദ്ധ്യകാലമാണ്. ഈ രു സംഭവങ്ങളും നടക്കുന്നകാലയളവ് 1290 ദിവസമായിരിക്കും. 1290 ദിനങ്ങൾ 360 ദിവസങ്ങൾ ഉള്ള മൂന്നരവർഷത്തിന്റെ 30 ദിവസങ്ങൾ അധികമാണ്. ഈ കാലയളവ് ദാനിയേൽ പ്രവചനത്തിലും വെളിപ്പാടുപുസ്തകത്തിലും ആവർത്തിച്ച് രേഖപ്പെടുത്തിയിട്ട്. ഈ 30 ദിവസം എന്തിനാണ് കുട്ടിച്ചേർത്തിരിക്കുന്നത്? നിഗൂഢതയിലേക്ക് വിരൽ ചൂദുതൻ വീം ദാനിയേലിനോട് പറഞ്ഞു) 1335 ദിവസത്തോളം കാത്തു ജീവിച്ചിരിക്കുന്നവർ ഭാഗ്യവാൻ (വീം നാല്പത്തി അഞ്ചു ദിവ

സത്തെ നിഗൂഢത ള്) നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ചുകാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേററുവരും (ദാനി 12:1-13).

വിശേഷാലുള്ള ഈ 75 ദിവസങ്ങളുടെ അന്ത്യത്തിൽ അതിശയകരമായതു ചിലതുനടക്കും. നമുക്കത് കാത്തിരുന്നുകാണാം.

വെളിപ്പാടു പുസ്തകത്തിന്റെ അവസാന അദ്ധ്യായങ്ങൾ വായിക്കുമ്പോൾ കർത്താവിന്റെ മടങ്ങിവരവിനുശേഷം പല സംഭവങ്ങൾ നടക്കും, കുഞ്ഞാടിന്റെ കല്യാണവിരുന്നാണ് അതിൽ ഒന്ന്. ഇതിനോട്ചേർന്നു ദൂതൻ യോഹന്നാനോടു പറഞ്ഞു: കുഞ്ഞാടിന്റെ കല്യാണത്തിന് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ (വെളി 19:9) ദാനിയേലിനോടു സംസാരിച്ച ദൂതനും ഈ ഭാഗ്യപദവിയെക്കുറിച്ചാണ് പറഞ്ഞത്. ഈ കല്യാണവിരുന്നു യേശു വന്നു ര രമാസം കഴിഞ്ഞാണ് മിക്കവാറും സംഭവിക്കുന്നത്.

വെളിപ്പാടു പുസ്തകത്തിന്റെ അവസാനഅദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ അന്തിക്രിസ്തുവിനെയും കള്ളപ്രവാചകന്മാരേയും തീ പൊയ്കയിൽ തള്ളിയിടുക, സാത്താനെ ബന്ധിക്കുക, സർവ്വലോകവും ക്രിസ്തുവിനാൽ ഭരിക്കപ്പെടുക തുടങ്ങിയ പ്രവൃത്തികളായിരിക്കും അവസാനത്തെ 75 ദിവസങ്ങളിൽ നടക്കുന്നത് (വെളി 19:20:4).

## ആയിരമാ് വാഴ്ച
## (The Millennium)

സർവ്വ ലോകത്തേയും ആയിരം വർഷം ക്രിസ്തുനേരിട്ടു ഭരിക്കുന്ന കാലയളവിനെ ആയിരമാ് വാഴ്ച എന്നു പറയുന്നു (വെളി 20:3, 5, 7), ഇത് ഏഴുവർഷത്തെ പീഡനത്തിനുശേഷമായിരിക്കും സംഭവിക്കുന്നത്. ഏകദേശം മൂവായിരം വർഷങ്ങൾക്കുമുമ്പുതന്നെ യെശയ്യാവ് ക്രിസ്തുവിന്റെ ഭരണത്തെ മുൻകൂട്ടികിരിന്നു.

> നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും, അവന്റെ ആധിപത്യത്തിന്റെ വർദ്ധനക്കും സമാധാനത്തിനും അവസാനം ഉാകയില്ല: ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീഷ്ണത അതിനെ നിവർത്തിക്കും (യെശയ്യ 9:6-7).

ഗബ്രിയേൽ ദൂതൻ മറിയയോടു പറഞ്ഞു: നിന്റെ മകന്റെ രാജത്വത്തിന് അവസാനമുായിരിക്കയില്ല .

മറിയേ, ഭയപ്പെടോ, നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രവിക്കും; അവന് യേശു എന്നു പേർ വിളിക്കേണം. അവൻ വലിയവൻ ആകും, അവൻ അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന്നു അവസാനം ഉാകയില്ല എന്നു പറഞ്ഞു[83] (ലൂക്കോ 1:30-33).

ആയിരാമാ് വാഴ്ചയിൽ യറുശലേമിലെ സീയോനിൽ ഇരുന്ന് യേശു ഭരണം നടത്തും. അന്ന് സീയോൻ ഉയരംകൊ് പ്രസിദ്ധമാകും. അവന്റെ ഭരണം സർവ്വദേശത്തിനും നീതിയുള്ള ഭരണമായിരിക്കും, ആ ഭരണത്തിൽ മുഴുലോകർക്കും സമാധാനം ലഭിക്കും.

അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്ക് മീതെ ഉന്നതവുമായിരിക്കും; സകലജാതികളും അതിലേക്ക് ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചെന്ന് വരുവിൻ, നമുക്ക് യഹോവയുടെ പർവ്വതത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്ക് തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്ന് ഉപദേശവും യറുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്ക് വിധികല്പിക്കയും ചെയ്യും; അവൻ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല. അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല (യെശ 2:2-4).

സെഖര്യാ പ്രവാചകനും ഇതുപോലെ പ്രവചിച്ചിട്ടു്:

സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ മഹാതീഷ്ണതയോടെ സീയോനുവേി മഹാ ക്രോധത്തോടെ എരിയുന്നു. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ സീയോനിലേക്കു മടങ്ങിവന്നു യറുശലേമിന്റെ മദ്ധ്യേ വസിക്കും; യറുശലേമിനു സത്യനഗരം എന്നും സൈന്യങ്ങളുടെ യഹോവയുടെ പർവ്വതത്തിനു വിശുദ്ധപർവ്വതം എന്നും പേർ പറയും.... സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; ഇനി ജാതികളും അനേക പട്ടണങ്ങളിലെ

83 . പ്രവചനത്തിന്റെ വ്യാഖ്യാനം പലപ്പോഴും വചനത്തിന് നിരക്കാത്തതാണെന്ന് കാണാം. ഉദാ: മറിയക്കുലഭിച്ച വാഗ്ദത്ത പ്രകാരം ദശാബ്ദങ്ങൾക്കുള്ളിൽ തന്റെ മകൻ ദാവീദിന്റെ സിംഹാസനത്തിന് അർഹനായിവരുമെന്ന് വേണമെങ്കിൽ മറിയക്ക് വിശ്വസിക്കാമായിരുന്നു. ഗബ്രിയേൽ ദൂതൻ മറിയയോട് പറഞ്ഞു നിനക്ക് ഒരു പുത്രൻ ജനിക്കും അവൻ യാക്കോബ് ഗ്രഹത്തിന് എന്നേക്കും രാജാവായിരിക്കും. എന്നാൽ ഇതിന് 2000 വർഷത്തെ ദൈർഘ്യം ഉായിരിക്കുമെന്ന് മറിയ ഒരിക്കലും ചിന്തിച്ചിരുന്നില്ല. ഇതുപോലെ പ്രവചനത്തിന്റെ വചനങ്ങളെ വ്യാഖ്യാനിക്കുമ്പോൾ നാമും ശ്രദ്ധയുള്ളവരായിരിക്കണം.

നിവാസികളും വരുവാൻ ഇടയാകും. ഒരു പട്ടണത്തിലെ നിവാസികൾ മറ്റൊന്നിലേക്കു ചെന്നു വരുവിൻ നമുക്കു യഹോവയെ പ്രസാദിപ്പിക്കേതിനും സൈന്യങ്ങളുടെ യഹോവയെ അന്വേഷിക്കേതിനും പോകാം, ഞാനും പോരുന്നു എന്നു പറയും.അങ്ങനെ അനേകജാതികളും ബഹുവംശങ്ങളും യറുശേമിൽ സൈന്യങ്ങളുടെ യഹോവയെ അന്വേഷിക്കുവാനും യഹോവയെ പ്രസാദിപ്പിക്കുവാനും വരും. സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. ആ കാലത്ത് ജാതികളുടെ സകല ഭാഷകളിലും നിന്നു പത്തുപേർ ഒരു യെഹൂദന്റെ വസ്ത്രാഗ്രം പിടിച്ച്; ദൈവം നിങ്ങളുടെ കൂടെ ഉന്നെു ഞങ്ങൾകേട്ടിരിക്കുകയാൽ ഞങ്ങൾ നിങ്ങളോടു കൂടെ പോരുന്നു എന്നു പറയും (സെഖ 8:2-3, 8:20-23).

വിശുദ്ധന്മാരും യേശുവിനോടു ചേർന്നു ആയിരാമ് ഭരിക്കുമെന്ന് വചനം പറയുന്നു. അവരുടെ അധികാരത്തിന്റെ അളവുകോൽ അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. (ദാനി 7:27; ലൂക്കോ 19:12-27, 1 കൊരി 6:1-3; വെളി 2:26-27; 5: 9-10; 22:3-5).

വിശുദ്ധന്മാർ ഉയർത്തെഴുന്നേറ്റു വസ്ത്രാലങ്കാരത്തോടുകൂടെയായിരിക്കും; എന്നാൽ ഭൂമിയിൽ ഉള്ളവർ അന്നും അവരുടെ സ്വാഭാവികശരീരത്തോടുകൂടെയായിരിക്കും വയോധികന്മാർക്ക് ദീർഘായുസ് ഉായിരിക്കും, വന്യമൃഗങ്ങൾക്ക് ശൗര്യം ഉായിരിക്കുകയില്ല.

ഞാൻ യറുശലേമിനെക്കുറിച്ച് സന്തോഷിക്കുകയും എന്റെ ജനത്തെക്കുറിച്ച് ആനന്ദിക്കുകയും ചെയ്യും. കരച്ചിലും നിലവിളിയും ഇനി കേൾക്കയില്ല. കുറെ ദിവസം മാത്രം ജീവിക്കുന്ന കുട്ടിയും ആയുസ് തികയാത്ത വൃദ്ധനും അവിടെ ഇനി ഉാകുകയില്ല. ബാലൻ നൂറുവയസ്സ് പ്രായമുള്ളവനായി മരിക്കും; പാപിയോ നൂറുവയസ്സുള്ളവനായിരുന്നാലും ശപിക്കപ്പെട്ടവൻ എന്നേ വരു..... ചെന്നായും കുഞ്ഞാടും ഒരുമിച്ച് മേയും; സിംഹം കാളയെ പോലെ വൈക്കോൽ തിന്നും; സർപ്പത്തിനുപൊടി ആഹാരമായിരിക്കും; എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല എന്നു യഹോവ അരുളിചെയ്യുന്നു (യെശ:65: 19-20, 25). (യെശ 11:6-9 വരെയുള്ള വചനം കൂടി നോക്കുക)

ആയിരാമ് വാഴ്ചയെക്കുറിച്ച് വേദപുസ്തകത്തിൽ അനേകം പ്രതിപാദ്യങ്ങൾ ഉ്, പ്രത്യേകിച്ചു പഴയ നിയമത്തിൽ കൂടുതൽ പഠനത്തിന് യെശ 11:6-16, 25:1-12; 35: 1-10; യിര 23: 1-5; യോവ2:30; 3:21; ആമോ 9:11-15 മീഖാ 4:1-7; സെഫ 3:14-20; സെഖ 14:9-21; വെളി 20:1-6.

ആയിരമ് വാഴ്ചയെ പ്രതിപാദിക്കുന്ന സങ്കീർത്തനങ്ങളും ഉ് ഉദാഹരണത്തിന് സങ്കീ 48 നമുക്ക് നോക്കാം.

നമ്മുടെ ദൈവത്തിന്റെ സഗരത്തിൽ, അവന്റെ വിശുദ്ധപർവ്വതത്തിൽ, യഹോവ വലിയവനും, അന്ത്യന്തം സ്തുത്യനും ആകുന്നു. മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻ പർവ്വതം ഉയരം കൊു മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവും ആകുന്നു. അതിന്റെ അരമനകളിൽ ദൈവം ഒരു ദുർഗ്ഗമായി വെളിപ്പെട്ടു വന്നിരിക്കുന്നു. ഇതാ രാജാക്കന്മാർ കൂട്ടംകൂടി; അവർ ഒന്നിച്ചുകടന്നുപോയി. അവർ അതുക് അമ്പരന്നു, അവർ പരിഭ്രമിച്ച് ഓടിപ്പോയി. അവർക്ക് അവിടെ വിറയൽ പിടിച്ചു; നോവുകിട്ടിയവൾക്കെന്നപോലെ വേദനപിടിച്ചു (സങ്കീ 48:1-6).

യേശു, ആയിരമ് വാഴ്ചയിൽ യറുശലേമിൻ ഭരണം തുടങ്ങുമ്പോൾ ഭൂമിയിലുള്ള രാജാക്കന്മാർ യേശുവിന്റെ ഭരണത്തെക്കുറിച്ചുള്ള വാർത്ത അറിയും, അവർ യാത്രചെയ്തു അത് നേരിൽ കാണുവാൻ യറുശലേമിൽ എത്തും. അവിടുത്തെ കാഴ്ചക് അവർ ഞെട്ടിപ്പോകും.[84]

ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയെക്കുറിച്ചുള്ള കൂടുതൽ പഠനത്തിന് സങ്കീ 2:1-12, 24:1-10; 47: 19; 66:1-7; 68: 15-17; 99: 1-9; 100: 1-5 ഈ ഭാഗങ്ങൾ നോക്കുക.

## നിത്യരാജ്യം
## (The Eternal State)

ആയിരമ് വാഴ്ചയുടെ അവസാനം നിത്യത രാജ്യത്തിന്റെതാണെന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു, അത് പുതിയ ആകാശത്തോടും പുതിയ ഭൂമിയോടും കുടെ ആരംഭിക്കുന്നു. യേശു സർവ്വതും പിതാവിനെ ഏല്പിക്കും (1 കൊരി 15:24-28 പ്രകാരം):

പിന്നെ അവസാനം, അന്നു അവൻ (യേശു) എല്ലാ വാഴ്ചക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും അവൻ സകലശത്രുക്കളേയും കാൽക്കീഴാക്കുവോളം വാഴേതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ടു മരണം നീങ്ങിപ്പോകും. സകലത്തേയും അവന്റെ കാല്ക്കീഴാക്കിയിരിക്കുന്നു എന്നുല്ലോ, സകലവും അവന്നു കീഴ്പ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ സകലത്തെയും കീഴാക്കിക്കൊടുത്തവൻ ഒഴികയത്രേഎന്നു സ്പഷ്ടം (1 കൊരി 15:24-28).

ആയിരാമാത്തേക്ക് ബന്ധിക്കപ്പെട്ട സാത്താനെ ആയിരമിന്റെ അവസാനം അഴിച്ചുവിടും. പൂർണ്ണഹൃദയത്തോടെ യേശുവിനെ ഉൾക്കോള്ളാതെ അനുസരണനടിച്ചവരെ സാത്താൻ വഞ്ചിക്കും (സങ്കീ 66: 3).

---

84 . വിശുദ്ധന്മാർ മത്രമല്ല ഭൂമിയിലുള്ള അവിശ്വാസികളും സഹസ്രാബ്ദവാഴ്ചയുടെ ഫലം അനുഭവിക്കും (യെശ 2: 15, 60: 1-5; ദാനി 7:13-14).

സാത്താൻ വഞ്ചിക്കപ്പെടാൻ ദൈവം അവരെ അനുവദിക്കും, തന്മൂലം അവരുടെ അന്തർഗതം മനസിലാക്കാനും ശരിയായി വിധിക്കപ്പെടുവാനും ഇട യാകും. വഞ്ചനയിൽ അകപ്പെട്ട അവർ ഒന്നിച്ചുകൂടി വിശുദ്ധനഗരമായ യറുശ ലേമിനെ ആക്രമിക്കുകയും യേശുവിന്റെ ഭരണത്തെമറിച്ചുകളയാൻ ശ്രമിക്കു കയും ചെയ്യും. എന്നാൽ യുദ്ധം നീുനല്ക്കയില്ല കാരണം സ്വർഗ്ഗത്തിൽനിന്ന് അഗ്നി സൈന്യത്തിന്മേൽ ഇറങ്ങും സാത്താൻ എന്നെന്നേക്കുമായി തീയും ഗന്ധകവും കത്തുന്നപൊയ്കയിലേക്ക് എറിയപ്പെടുകയും ചെയ്യും. (വെളി: 20:7–10).

രാം സങ്കീർത്തനത്തിൽ യുദ്ധത്തെക്കുറിച്ചുള്ള ഒരു വിവരണം കാണാം.

> ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായതുനിരൂപിക്കു ന്നതും എന്ത്? യഹോവയ്ക്കും അവന്റെ അഭിഷിക്തനും (ക്രിസ്തു) വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേൽക്കയും അധിപതി കൾ തമ്മിൽ ആലോചിക്കയും ചെയ്യുന്നതു: നാം അവരുടെ കെട്ടുകളെ പൊട്ടിച്ച് അവരുടെ കയറുകളെ എറിഞ്ഞുകളക. സ്വർഗ്ഗത്തിൽ വസി ക്കുന്നവൻ ചിരിക്കുന്നു; കർത്താവ് അവരെ പരിഹസിക്കുന്നു. അന്ന് അവൻ കോപത്തോടെ അവരോടു അരുളിചെയ്യും; ക്രോധത്തോടെ അവരെ ഭ്രമിപ്പിക്കും. എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു. ഞാൻ ഒരു നിർണ്ണയം പ്രസ്താ വിക്കുന്നു യഹോവ എന്നോടു അരുളിച്ചെയ്തതു: നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു. എന്നോടു ചോദിച്ചുകൊൾക, ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും; ഇരുമ്പുകോൽകൊു നീ അവരെ തകർക്കും; കുശവന്റെ പാത്രംപോലെ അവരെ ഉടെയ്ക്കും, ആകയാൽ രാജാക്ക ന്മാരേ, ബുദ്ധി പഠിപ്പിൻ, ഭൂമിയിലെ ന്യായാധിപന്മാരെ, ഉപദേശംകൈ ക്കൊൾവിൻ. ഭയത്തോടെ യഹോവയെ സേവിപ്പിൻ, വിറയലോടെ ഘോഷിച്ചുല്ലസിപ്പിൻ. അവൻ കോപിച്ചിട്ട് നിങ്ങൾ വഴിയിൽ വെച്ചു ന ശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ, അവന്റെ കോപം ക്ഷണത്തിൽ ജ്വലിക്കും, അവനെ ശരണം പ്രാപിക്കുന്നരൊക്കേയും ഭാഗ്യവാന്മാർ!

## അന്ത്യന്യായവിധി
## (A Final Judgement)

നിത്യതയുടെ വഴിയിൽ ഒരു അന്ത്യന്യായവിധിഉ്. എക്കാലവും ജീവി ച്ചിരുന്ന നീതിമാന്മാരല്ലാത്തവരെല്ലാം ഉയർത്തെഴുന്നേറ്റു ശരീരത്തോടെ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ നില്ക്കും. ഓരോരുത്തന്റെ പ്രവർത്തിക്കു തക്കതായി വിധിക്കപ്പെടും (വെളി 20:5, 11–15). പാതാളത്തിൽ ആയിരിക്കുന്ന ഓരോരുത്തരും വെള്ളസിംഹാസനത്തിന്റെ മുമ്പിൽ ന്യായവി ധിക്കായി നിൽക്കേിവരും, പിന്നെ തീ പൊയ്കയിലേക്ക് എറിയപ്പെടും. ഇതിനെ രാംമരണം എന്നു പറയുന്നു (വെളി 20:14).

ഒന്നാം ഭൂമിയും ആകാശവും അഴിഞ്ഞുപോകുമ്പോൾ നിത്യത ആരംഭിക്കും. യേശുവിന്റെ രായിരമ് പഴക്കമുള്ള വാഗ്ദത്തം യാഥാർത്ഥ്യമാകും. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല (മത്താ 24:35).

പത്രോസ് തന്റെ രാം ലേഖനത്തിൽ പറഞ്ഞതുപോലെ ദൈവം പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കും.

> കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും, മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കേയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെ വരവുകാത്തിരുന്നു ബദ്ധപ്പെടുത്തിയും കൊ് നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ അയിരിക്കേണം . എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ അകാശത്തിന്നും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു (2 പത്രോ: 3: 10–14; യെശ: 65:17–18 കൂടി നോക്കുക).

അവസാനം പുതിയ യറുശലേം സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽവരും. (വെളി 21:1–2) യറുശലേം നഗരത്തിന്റെ മഹത്വം നമ്മുടെ ചിന്തയിൽ ഒതുങ്ങുകയില്ല, ദൈവത്തിന്റെ ഭരണത്തിൻകീഴിൽ പക്വതയാർജ്ജിച്ച ഒരു സമൂഹത്തിലായിരിക്കും നാം ജീവിക്കുന്നത് അവിടെ ക്രിസ്തുവിന്റെ തേജസ് പ്രഭവിതറിക്കൊായേിരിക്കും.